24/2

ഡങ്കെൽ നിർദേശങ്ങൾ

കോളനിവൽക്കരണത്തിന്റെ പുതിയ മാർഗം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ഭൂഗോളതലത്തിൽ ഇന്ന് വലിയ വിവാദമുയർത്തിയിരിക്കുന്ന വിഷയമാണ് ബൗദ്ധിക സ്വത്തവകാശം (Intellectual Property Rights) വാണിജ്യ കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്ന അന്താരാഷ്ട്രഫോറമായ ഗാട്ടിന്റെ (General Agreement for Tariffs and Trade) എട്ടാം റൗണ്ട് ചർച്ചകളിൽ അമേരിക്കൻ ഐക്യനാടുകളുടെ നിർബന്ധമനുസരിച്ച് ബൗദ്ധിക സ്വത്തവകാശം ഉൾപ്പെടുത്തിയതോടെയാണ് ഇതൊരു വിവാദവിഷയമായത്. മൂന്നാം ലോക രാഷ്ട്രങ്ങളെ ചൂഷണം ചെയ്യാനും സാമ്രാജ്യത്വത്തിന്റെ ആധിപത്യത്തിനു വിധേയമാക്കാനുമുള്ള ഒരു പുതിയ മാർഗം അമേരിക്കയും വൻശക്തികളും കണ്ടെത്തിയിരിക്കുകയാണെന്ന വിമർശനമുയർന്നു. ഗാട്ട് ചർച്ചകൾ മുന്നോട്ടു പോയരീതിയും ഉറുഗ്വെ റൗണ്ട് എന്നു വിളിക്കപ്പെടുന്ന ചർച്ചകളുടെ അന്തിമ നടപടിയായി ഗാട്ട് ഡയറക്ടർജനറൽ ആർതർ ഡങ്കെൽ മുന്നോട്ടുവെച്ച നിർദേശങ്ങളും ഈ വിമർശനങ്ങളെ സ്ഥിരീകരിച്ചിരിക്കുകയാണ്. ലോകത്തിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്ര രാഷ്ട്രങ്ങളുടെ സ്വാശ്രയത്വത്തിനനുസൃതമായ, നാടിനുയോജിച്ച വികസനത്തെ തകർക്കുന്നതിനും അവയെ പുത്തൻ കോളനിവാഴ്ചയുടെ ഊരാകുടുക്കിൽ പെടുത്തുന്നതിനുമുള്ള സമഗ്രപദ്ധതിയാണ് ഡങ്കെൽ കരടുരേഖ (Dunkel Draft Text) യിൽ നിർദേശിക്കുന്നത്.

ഡങ്കെൽ നിർദേശങ്ങളുടെയും അവയ്ക്കാധാരമായ പ്രധാന ആശയങ്ങളുടെയും പ്രതിപാദനമാണ് ഈ ലഘുലേഖയിലൂടെ ഉദ്ദേശിക്കുന്നത്.

'ബൗദ്ധിക സ്വത്തവകാശം' എന്നാൽ എന്ത്?

ശാസ്ത്ര സാങ്കേതിക വിദ്യകൾ, കല, സാഹിത്യം എന്നിവയിലൂടെയെല്ലാം മനുഷ്യസമൂഹം നിരന്തരം പുരോഗമിക്കുന്നതിന്റെ പിന്നിൽ ഒറ്റയ്ക്കൊറ്റയ്ക്കുള്ള വ്യക്തികളുടെ ക്രിയാത്മകമായ സംഭാവനകളാണ് സർവപ്രധാനമെന്ന പതിനെട്ട്– പത്തൊമ്പതാം നൂറ്റാണ്ടുകളിലെ ബൂർഷ്വാ സങ്കൽപമാണ് ബൗദ്ധികസ്വത്തവകാശം എന്ന ആശയത്തിനു പിന്നിലുള്ളത്. അതുകൊണ്ടുതന്നെ, സമൂഹം പുരോഗമിക്കണമെങ്കിൽ ഇത്തരം വ്യക്തികളെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു എന്നാണ് വാദം. അവരുടെ ബുദ്ധിയിൽനിന്നുദിക്കുന്ന ആശയങ്ങൾ സമ്പത്ത് ഉത്പാദിക്കുന്നതിന് ഉപയോഗിക്കപ്പെടുമ്പോൾ, അങ്ങനെയുണ്ടാകുന്ന സമ്പത്തിന്റെ ന്യായമായ ഒരു പങ്ക് അവർക്കു ലഭിക്കണം എന്നാണീ വാദത്തിന്റെ രത്നച്ചുരുക്കം. സാഹിത്യ കലാസൃഷ്ടികൾക്കുള്ള പകർപ്പവകാശ നിയമങ്ങൾ (Copyright Laws), വ്യാവസായിക കണ്ടുപിടുത്തങ്ങൾക്കായി പേറ്റന്റ് നിയമങ്ങൾ (Patent Laws), പ്രത്യേക ഉത്പന്നങ്ങൾക്കായി ട്രേഡ്മാർക്ക്

നിയമങ്ങൾ എന്നിവയാണ് ബൗദ്ധികസ്വത്തവകാശം സംരക്ഷിക്കാനായി ഇക്കാലത്തുണ്ടാക്കിയ നിയമങ്ങൾ. ഇവയിൽ ഏറ്റവും പ്രധാനവും ഇപ്പോൾ ഏറ്റവുമധികം വിവാദങ്ങൾ ഉയർത്തിയിട്ടുള്ളതും പേറ്റന്റ് നിയമങ്ങളാണ്.

പേറ്റന്റ് നിയമങ്ങൾ – ചരിത്രം

വ്യാവസായികോത്പാദനത്തിനായി ഉപയോഗിക്കുന്ന കണ്ടുപിടുത്തങ്ങൾ നടത്തുന്നവരെ പ്രോത്സാഹിപ്പിക്കാൻ പലതരത്തിലുള്ള രീതികൾ പല രാജ്യങ്ങളും കാലാകാലങ്ങളായി സ്വീകരിച്ചിട്ടുണ്ട്. ചില ഗവൺമെന്റുകൾ കണ്ടുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കറ്റുകൾ (Inventor's Certificates) നൽകിയിരുന്നു. ഇതു പ്രകാരം അവരുടെ കണ്ടുപിടുത്തങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കാനുള്ള അവകാശം സർക്കാരിനാണ്. എന്നാൽ സർട്ടിഫിക്കറ്റുള്ളവർക്ക് സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാനുള്ള ചില വ്യവസ്ഥകളുണ്ട്. ചില രാജ്യങ്ങളിൽ കണ്ടുപിടുത്തം നടത്തുന്നവർക്ക് ബോണസ്സും കാഷ് അവാർഡുകളും നൽകുന്ന പതിവാണുണ്ടായത്. പല ഗവേഷകർക്കും തങ്ങളുടെ പ്രയത്നത്തിനുള്ള അംഗീകാരവും പ്രസിദ്ധിയും സംതൃപ്തി നൽകി. ഇതൊക്കെ ഉണ്ടായിരുന്നെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടു മുതൽ ക്രമേണയായി വ്യാവസായിക കണ്ടുപിടുത്തങ്ങൾക്കുള്ള പ്രധാന സംരക്ഷണം പേറ്റന്റ് നിയമങ്ങളായിത്തീർന്നു.

പേറ്റന്റ് സംരക്ഷണമെന്നാൽ സർക്കാർ കണ്ടുപിടുത്തക്കാരന് കൊടുക്കുന്ന ഒരവകാശമാണ്. ഒരു ഉത്പന്നത്തിനോ പ്രത്യേക ഉത്പാദന പ്രക്രിയക്കോ പേറ്റന്റ് നൽകാം. ഒരു ഉത്പന്നത്തിനുള്ള പേറ്റന്റ് ഒരാൾക്ക് നൽകിക്കഴിഞ്ഞാൽ അതിനർഥം പേറ്റന്റുകാരനല്ലാതെ മറ്റാർക്കും ആ പ്രത്യേക ഉത്പന്നം ഒരു നിശ്ചിത കാലത്തേക്ക് ഉത്പാദിപ്പിക്കാനോ വിൽക്കാനോ അധികാരമില്ല എന്നാണ്. ഉത്പാദന പ്രക്രിയയ്ക്കാണ് പേറ്റന്റ് എങ്കിൽ, ആ പ്രക്രിയ ഉപയോഗിച്ചു കൊണ്ട് ആ ഉത്പന്നം നിർമിക്കാനോ, വിൽക്കാനോ പേറ്റന്റുകാരനല്ലാതെ മറ്റാർക്കും അവകാശമില്ല.

ഈ അർഥത്തിൽ പേറ്റന്റ് നിയമങ്ങൾ ഒരുതരത്തിലുള്ള കുത്തകാവകാശമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ വ്യാവസായിക വിപ്ലവത്തിന്റെ ഉച്ചകോടിയിൽ പല രാജ്യങ്ങളിലും വ്യത്യസ്ത പേറ്റന്റ് നിയമങ്ങൾ നിലവിലുണ്ടായിരുന്നു. ഈ സമയത്ത് വ്യാവസായികരംഗത്ത് ഏറ്റവും മുന്നേറിയിരുന്നവർ (അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ) എല്ലാ രാജ്യങ്ങളിലേയും പേറ്റന്റ് നിയമങ്ങളുടെ ഏകീകരണത്തിനുവേണ്ടിയും രാഷ്ട്രീയ സീമകൾക്കപ്പുറവും ഈ നിയമങ്ങൾ പാലിക്കപ്പെടേണ്ട ആവശ്യകതയ്ക്കുവേണ്ടിയും വാദിച്ചു. എന്നാൽ ഇത്തരത്തിലുള്ള നീക്കം ഈ രാജ്യങ്ങളുടെ താത്പര്യങ്ങൾ മാത്രമേ സംരക്ഷിക്കുകയുള്ളൂ എന്ന് മറ്റുചില യൂറോപ്യൻ രാജ്യങ്ങൾ ചൂണ്ടിക്കാട്ടി. ഏതായാലും 1883-ൽ പതിനാലു രാജ്യങ്ങൾ ചേർന്ന് പാരീസിൽവച്ച് ഒരുടമ്പടിയിൽ ഒപ്പുവച്ചു. പാരീസ് കൺവെൻഷൻ എന്ന പേരിലാണ് ഈ ഉടമ്പടി അറിയപ്പെടുന്നത്.

പാരീസ് കൺവെൻഷൻ

സമ്പന്ന രാഷ്ട്രങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള വേദിയായാണ് പാരീസ് കൺവെൻഷൻ രൂപംകൊണ്ടത്. ഈ ഉടമ്പടിപ്രകാരം ഏതെങ്കിലുമൊരു അംഗരാഷ്ട്രത്തിലുള്ള പേറ്റന്റ് വാഹകന് മറ്റു അംഗരാഷ്ട്രങ്ങളിലെല്ലാം അതേ അവകാശം ഉണ്ടായിരിക്കും. ആദ്യത്തെ അപേക്ഷ നൽകിക്കഴിഞ്ഞ് ഒരു വർഷത്തിനകം മറ്റു രാജ്യങ്ങളിലും അപേക്ഷ നൽകണമെന്നു മാത്രം. ഓരോ അംഗരാഷ്ട്രത്തിന്റെയും പേറ്റന്റ് നിയമങ്ങൾ (National Patent Law) ഏതു രീതിയിലായിരിക്കണമെന്നുള്ള രൂപരേഖയും കൺവെൻഷൻ നൽകുന്നു. എല്ലാ രാഷ്ട്രങ്ങളിലെയും പേറ്റന്റ് വാഹകർക്കുള്ള തുല്യാവകാശവും കൺവെൻഷൻ പ്രഖ്യാപിക്കുന്നു. എന്നാൽ സിംഹവും മുയലും തമ്മിലുള്ള ഈ തുല്യത അവികസിതരാജ്യങ്ങളിൽ കുത്തക മാർക്കറ്റുകൾ സ്ഥാപിക്കാൻ സമ്പന്നരാജ്യങ്ങൾക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന കപട മുദ്രാവാക്യം മാത്രമായിരുന്നുവെന്ന് കാണാൻ അധികനാൾ വേണ്ടിവന്നില്ല. പതിനാലു രാജ്യങ്ങളായി തുടങ്ങിയ പാരീസ് കൺവെൻഷനിൽ ക്രമേണ കൂടുതൽ രാജ്യങ്ങൾ ഒപ്പുവച്ചു. പല രാജ്യങ്ങളും ഒപ്പുവയ്ക്കാൻ നിർബന്ധിതരായി. ഇന്ന് കൺവെൻഷനിൽ 97 രാജ്യങ്ങളുണ്ട് (ഇന്ത്യ ഉടമ്പടിയിൽ ഒപ്പുവച്ചിട്ടില്ല). ഇവയിൽ 62 എണ്ണം ദരിദ്ര അവികസിത രാജ്യങ്ങളാണ്. മിക്കതിലും നാമമാത്രമായി മാത്രമേ വ്യവസായങ്ങൾ തന്നെയുള്ളൂ. ഈ രാജ്യങ്ങൾക്ക് ദാരിദ്ര്യത്തിൽനിന്നുള്ള ഏക മോചനമാർഗം വ്യവസായ വത്ക്കരണമാണ്. എന്നാൽ പാരീസ് കൺവെൻഷൻ പ്രകാരമുള്ള പേറ്റന്റ് നിയമങ്ങൾ ഇറക്കുമതി കുത്തകകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈ രാജ്യങ്ങളിലെ വ്യവസായങ്ങൾ വളരുന്നതിന് വിഘാതമായി നില്ക്കുന്നു. ഒരുദാഹരണത്തിലൂടെ വിശദീകരിക്കാം.

കാൻസർരോഗത്തിനു പുതുതായി ഒരു മരുന്ന് അമേരിക്കയിൽ കണ്ടുപിടിച്ചെന്നിരിക്കട്ടെ, അതു കണ്ടുപിടിച്ചവർ അമേരിക്കയിലും മറ്റു രാജ്യങ്ങളിലും ആ ഉത്പന്നത്തിനുള്ള പേറ്റന്റ് എടുക്കുന്നു. പാരീസ് കൺവെൻഷൻ പ്രകാരമുള്ള നിയമങ്ങളുള്ള രാജ്യമാണെങ്കിൽ അവിടെ പേറ്റന്റുകാരനല്ലാതെ മറ്റാർക്കും 20 വർഷക്കാലത്തേക്ക് ഈ മരുന്ന് നിർമിക്കാനോ വിൽക്കാനോ അധികാരമില്ല. അമേരിക്കയിലെ ഉത്പാദകനാകട്ടെ, പാകിസ്ഥാൻപോലുള്ള ഒരു രാജ്യത്ത് ഈ മരുന്ന് ഉത്പാദിപ്പിക്കാൻ താൽപര്യമില്ല. കാരണം അവർക്കറിയാം, ധാരാളം കാൻസർ രോഗികളുള്ള പാകിസ്ഥാന് ഈ മരുന്ന് അമേരിക്കയിൽനിന്ന് ഇറക്കുമതി ചെയ്യുകയേ നിർവാഹമുള്ളൂ എന്ന്. ഇതുമൂലം അമേരിക്കൻ കമ്പനി ചോദിക്കുന്ന ഏതു വിലകൊടുത്തും പാകിസ്ഥാൻ മരുന്ന് ഇറക്കുമതി ചെയ്യാൻ നിർബന്ധിതരാകുന്നു. മാത്രമല്ല, പാകിസ്ഥാനിൽ ഇരുപതു കൊല്ലക്കാലത്തേയ്ക്ക്, വളരാൻ സാധ്യതയുള്ള ഒരു വ്യവസായം ഉണ്ടാകാതെ പോകുന്നു. ഇരുപതുകൊല്ലം കഴിഞ്ഞ് ഈ മരുന്ന് ഉത്പാദിപ്പിക്കാനുള്ള ഫാക്ടറി തുടങ്ങുമ്പോഴേയ്ക്കാകട്ടെ കൂടുതൽ ഫലപ്രദമായ മറ്റു മരുന്നുകൾ കണ്ടുപിടിച്ചതുമൂലം പ്രസ്തുത ഉത്പന്നത്തിനു മാർക്കറ്റില്ലാത്ത അവസ്ഥയായിരിക്കും ഉള്ളത്.

ഇങ്ങനെയുള്ള 'ഇറക്കുമതി കുത്തകകൾ'ക്കെതിരെ മൂന്നാം ലോകരാജ്യങ്ങൾ പ്രതിഷേധം ഉയർത്തി. ഇതിന്റെ ഫലമായി പാരീസ് കൺവെൻഷനിൽ നാമമാത്രമായ ചില ഭേദഗതികൾ കൊണ്ടുവന്നു. എന്നാൽ മൂന്നാം ലോകം ആവശ്യപ്പെട്ടതുപോലെയോ, UNCTAD മുതലായ അന്താരാഷ്ട്ര വേദികൾ നിർദേശിച്ചതുപോലെയോ ഉള്ളവയായിരുന്നില്ല അവ. UNCTAD നിർദേശകാരം ദേശീയ പേറ്റന്റ്നിയമങ്ങൾ പേറ്റന്റ് വാഹകരുടെ അവകാശങ്ങൾക്കും, രാഷ്ട്രത്തിലെ ജനങ്ങളുടെ പൊതുതാൽപര്യങ്ങൾക്കും (ഇവ രണ്ടും പലപ്പോഴും പരസ്പരം വിരുദ്ധമാണെന്നതാണ് വസ്തുത) തുല്യ പരിഗണന നൽകണം. പാരീസ് കൺവെൻഷൻ പ്രകാരമുള്ള നിയമങ്ങൾ പേറ്റന്റ് വാഹകരുടെ താൽപര്യങ്ങൾക്ക് അമിത പ്രാധാന്യം നൽകുമ്പോൾ പൊതുതാൽപര്യങ്ങളെപ്പറ്റി താരതമ്യേന നിശ്ശബ്ദത പാലിക്കുന്നു. മൂന്നാം ലോകരാജ്യങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പേറ്റന്റുകളിൽ 90 ശതമാനത്തിലേറെ വികസിത മുതലാളിത്ത രാജ്യങ്ങളിലുള്ളവരുടേതാണെന്ന സത്യം യഥാർഥത്തിൽ ആരുടെ താൽപര്യങ്ങളാണ് പാരീസ് കൺവെൻഷൻവഴി സംരക്ഷിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുന്നു.

ഇന്ത്യൻ പേറ്റന്റ് നിയമം - 1970

1859-ൽ ബ്രിട്ടീഷുകാരാണ് ഇന്ത്യയിൽ ആദ്യമായി ഒരു പേറ്റന്റ് നിയമം കൊണ്ടുവന്നത്. ഇതിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് 1888-ലും 1911-ലും പുതിയ നിയമങ്ങൾ ഉണ്ടായി. ഇവയെല്ലാം ബ്രിട്ടീഷുകാരുടെ ഇന്ത്യയിലെ മാർക്കറ്റുകൾ സംരക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം 1952-ൽ ഇന്ത്യാഗവൺമെന്റ് പുതിയൊരു നിയമം പാസ്സാക്കിയെങ്കിലും ഇന്ത്യക്കാരുടെ പൊതുതാൽപര്യങ്ങൾ സംരക്ഷിക്കാനും, ഇന്ത്യൻ വ്യവസായങ്ങൾ വളരുന്നതിനു സഹായകമാകാനും ഈ നിയമം പര്യാപ്തമല്ല എന്ന ബോധം ക്രമേണ ഉയർന്നുവന്നു. നിരവധി വർഷത്തെ പഠനങ്ങൾക്കും, ചർച്ചകൾക്കും ശേഷം പുതിയൊരു നിയമത്തിനുള്ള നിർദേശങ്ങൾ അറുപതുകളിൽ സമർപ്പിക്കപ്പെട്ടു. വികസിത മുതലാളിത്ത രാജ്യങ്ങളും അവരാൽ ഇന്ത്യയിൽ സ്വാധീനിക്കപ്പെടുന്ന ശക്തികളും ഈ നിർദേശങ്ങൾ നിയമമാകാതിരിക്കാൻ പരമാവധി ശ്രമിച്ചുനോക്കി. അവസാനം ഈ സമ്മർദങ്ങളെ അതിജീവിച്ചുകൊണ്ട് ഇടതുപക്ഷകക്ഷികളുടെ സഹായത്തോടെ ഭരിച്ചിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ ന്യൂനപക്ഷസർക്കാർ 1970-ൽ ഈ നിർദേശങ്ങൾക്കു നിയമരൂപം നൽകി. ഇതാണ് ഇന്ത്യൻ പേറ്റന്റ് നിയമം -1970 (IPL - 1970) പല രാജ്യങ്ങളുടെയും പുരോഗമനപരമായ നിയമവശങ്ങൾ കടമെടുത്തുകൊണ്ട് നിർമിച്ച സമഗ്രമായ ഒരു ബില്ലായിരുന്നു അത്.

IPL-1970 -ന്റെ സവിശേഷവശങ്ങൾ

a) പേറ്റന്റവകാശം അനുവദിക്കാത്ത മേഖലകൾ

പുതിയ നിയമപ്രകാരം സാധാരണ നിയമങ്ങളിലുള്ളവയ്ക്കു പുറമെ കൃഷിക്കായി ഉപയോഗിക്കുന്ന പ്രക്രിയകൾ, മനുഷ്യനും ജീവികൾക്കുമുള്ള രോഗ

ങ്ങൾക്കുള്ള ചികിത്സാമുറകൾ, ശസ്ത്രക്രിയാരീതികൾ എന്നിവയ്ക്കു പേറ്റന്റ് സംരക്ഷണമില്ല. അണുശക്തി മേഖല പൂർണമായി പേറ്റന്റ് സംരക്ഷണത്തിൽ നിന്നൊഴിവാക്കപ്പെട്ടു.

b) പേറ്റന്റ് കാലാവധി

പാരീസ് കൺവെൻഷനിലുള്ള മിക്കരാജ്യങ്ങളിലും പേറ്റന്റ് കാലാവധി 20 വർഷമായിരിക്കെ, ഇന്ത്യയിൽ സാധാരണ പേറ്റന്റുകളുടെ കാലാവധി 14 വർഷം മാത്രമാണ്. ഭക്ഷണപദാർഥങ്ങൾ, മരുന്നുകൾ, മറ്റു രാസവസ്തുക്കൾ എന്നിവയുടെ പേറ്റന്റ് കാലാവധി 7 വർഷം മാത്രമായിരിക്കും.

c) പ്രക്രിയാ പേറ്റന്റ് മാത്രം നൽകുന്ന മേഖലകൾ

ഭക്ഷണ പദാർഥങ്ങൾ, മരുന്നുകൾ, രാസവസ്തുക്കൾ എന്നിവയ്ക്ക് പ്രക്രിയാ പേറ്റന്റുകൾ (Process Patents) മാത്രമേ ബാധകമാവുകയുള്ളൂ, ഉത്പന്നങ്ങൾക്കായി നൽകുന്ന പേറ്റന്റുകൾ (Product Patents) ഈ മേഖലകളിൽ ബാധകമല്ല.

പിൽക്കാലത്ത് ഇന്ത്യൻ വ്യവസായങ്ങളെ വളരാൻ വളരെയേറെ സഹായിച്ചതും ബഹുരാഷ്ട്ര കുത്തകകളുടെ എതിർപ്പിന് ഏറ്റവുമധികം കാരണമായതും ഇന്ത്യൻ നിയമത്തിന്റെ ഈ വശമായിരുന്നു. നേരത്തെ വിവരിച്ച കാൻസർ മരുന്നിന്റെ ഉദാഹരണം തന്നെയെടുക്കാം. ഇന്ത്യൻ നിയമമനുസരിച്ച് ഇന്ത്യയിൽ ആ മരുന്നിനുള്ള പേറ്റന്റ് അമേരിക്കൻ കമ്പനിക്കു ലഭിക്കുന്നില്ല. പ്രസ്തുത മരുന്നുത്പാദിപ്പിക്കാൻ അവരുപയോഗിക്കുന്ന പ്രക്രിയയ്ക്ക് മാത്രമെ ഇന്ത്യയിൽ പേറ്റന്റ് സംരക്ഷണമുണ്ടാവുകയുള്ളൂ. ഒരു ഇന്ത്യൻ കമ്പനിക്ക് അതേ മരുന്ന് ചെറിയ വ്യത്യാസങ്ങളടങ്ങിയ ഒരു പ്രക്രിയയിലൂടെ ഇന്ത്യയിൽ ഉത്പാദിപ്പിക്കാനുള്ള അവകാശമുണ്ട്. മരുന്ന്– രാസവസ്തു വ്യവസായങ്ങൾക്ക് 1970–നു ശേഷം ഇന്ത്യയിലുണ്ടായ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഒരു പ്രധാന കാരണം ഇന്ത്യൻ നിയമത്തിന്റെ ഈ വശമാണ്.

d) നിർമാണം നടത്താതിരിക്കുന്നതിനെതിരെയുള്ള നടപടികൾ

പാരീസ് കൺവെൻഷൻ പ്രകാരമുള്ള നിയമങ്ങളുടെ ഒരു പ്രധാന ദൗർബല്യം ഇറക്കുമതി കുത്തകകളെ പ്രോത്സാഹിപ്പിക്കുന്നതാണെന്നു പറഞ്ഞല്ലോ. ഇതൊഴിവാക്കാൻ വേണ്ടിയുള്ള നടപടികൾ ഇന്ത്യൻ പേറ്റന്റ് നിയമത്തിലുണ്ട്.

ഏതു പേറ്റന്റും നൽകിക്കഴിഞ്ഞ് മൂന്നു വർഷത്തിനകം പേറ്റന്റു വാഹകൻ ഇന്ത്യയിൽ ഉത്പാദനം തുടങ്ങിയില്ലെങ്കിൽ, മറ്റാർക്കും ഉത്പാദനത്തിനുള്ള ലൈസൻസിനപേക്ഷിക്കാം. ഇങ്ങനെയുള്ള നിർബന്ധിത ലൈസൻസിങ് വ്യവസ്ഥ പ്രകാരം ലൈസൻസ് നേടണമെങ്കിൽ അപേക്ഷകൻ ആ വസ്തു ഉത്പാദിപ്പിക്കാനുള്ള കഴിവുണ്ടെന്നു പേറ്റന്റ് കൺട്രോളറെ ബോധിപ്പിച്ചാൽ മതി. ഈ നിയമം പുരോഗമനപരമാണെങ്കിലും പലപ്പോഴും വളരെ ഫലപ്രദ

മല്ല. മിക്കപ്പോഴും പേറ്റന്റ് വാഹകൻ കോടതികളെ സമീപിച്ച് നിർബന്ധിത ലൈസൻസിന് കാലതാമസം വരുത്തുന്നു. നമ്മുടെ കോടതികൾ പലപ്പോഴും പേറ്റന്റ് നിയമത്തിന്റെ പിന്നിലുള്ള പുരോഗമനാശയം ഉൾക്കൊള്ളുന്നില്ല എന്നതും ദു:ഖകരമായ ഈ അവസ്ഥയ്ക്കൊരു കാരണമാണ്.

മരുന്നുകൾ, രാസവസ്തുക്കൾ, ഭക്ഷണപദാർഥങ്ങൾ എന്നിവയുടെ കാര്യത്തിൽ മൂന്നു കൊല്ലത്തിനകം ഉത്പാദനം നടന്നില്ലെങ്കിൽ 'ലൈസൻസ് അവകാശം' (Licence of Right) നൽകാനുള്ള വ്യവസ്ഥ ഇന്ത്യൻ നിയമത്തിന്റെ എടുത്തു പറയേണ്ട ഒരു സവിശേഷതയാണ്. ഇതു പ്രകാരം ഇങ്ങനെയുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കാനുള്ള അവകാശം ആർക്കുമുണ്ടായിരിക്കും. ഇതാകട്ടെ കോടതികളിൽ ചോദ്യം ചെയ്യാനും സാധ്യമല്ല.

ഇന്ത്യൻ പേറ്റന്റ് നിയമം മൂലമുണ്ടായ ഗുണങ്ങൾ

പ്രക്രിയാ പേറ്റന്റുകൾ മാത്രം നൽകുക എന്ന നിയമം കാരണം മരുന്നു വ്യവസായം, രാസവസ്തു വ്യവസായം, സംസ്കരിത- ഭക്ഷണ വ്യവസായം എന്നിവയിൽ 1970–നു ശേഷമുണ്ടായ വളർച്ച അഭൂതപൂർവമാണ്.

ഔഷധ വ്യവസായ രംഗത്തുള്ള വിദേശകമ്പനികളുടെ കുത്തക കുറേയെങ്കിലും തകർക്കാനും, ഇന്ത്യൻ കമ്പനികൾക്കു വളരാനുമുള്ള സാഹചര്യമുണ്ടായി. ഇന്ന് ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ബൾക്ക് മരുന്നുകളിൽ ഭൂരിഭാഗവും ഇന്ത്യൻ കമ്പനികൾ (ഇന്ത്യൻ സ്വകാര്യകമ്പനികളും പൊതുമേഖലയും) ഉത്പാദിപ്പിക്കുന്നവയാണ്. അന്താരാഷ്ട്ര പേറ്റന്റു കാലാവധി തീരുന്നതിനു വളരെ മുൻപുതന്നെ വ്യത്യസ്ത പ്രക്രിയയുപയോഗിച്ചുകൊണ്ട് ഇവ ഇന്ത്യയിൽ നിർമിക്കപ്പെടുന്നു. ക്ഷയരോഗത്തിനെതിരെ ഇന്ന് ഏറ്റവും ഫലപ്രദമായ മരുന്ന് 'റിഫാംപിസിൻ'ആണ്. ലോക മാർക്കറ്റിൽ 1974 -ലാണ് ഇത് പ്രത്യക്ഷപ്പെടുന്നത്. മിക്ക പാരീസ് കൺവെൻഷൻ രാജ്യങ്ങളിലും 1989-ലോ 1994-ലോ മാത്രം പേറ്റന്റുകൾ തീരുന്ന ഈ ഔഷധം ഇന്ത്യയിൽ ഇന്ത്യൻ കമ്പനികൾ 1980–ൽ തന്നെ നിർമിക്കുവാൻ തുടങ്ങി. ഇങ്ങനെ നാലോ ആറോ വർഷത്തിനുള്ളിൽ ഇന്ത്യയിൽ ഉത്പാദനം തുടങ്ങിയ മരുന്നുകളാണ് സാൽബുട്ടമോൾ, മെബൻഡസോൾ, നപ്രോക്സൻ, റാനിറ്റിഡിൻ, സിമെറിഡിൻ, പ്രോപ്രാനലോൾ, റ്റിനിഡസോൾ എന്നിവ. ഈ ലിസ്റ്റിൽ ഇന്നുപയോഗിക്കുന്നതും 1990–നു ശേഷം മാത്രം പേറ്റന്റ് കാലാവധി തീരുന്നവയുമായ മിക്ക മരുന്നുകളും ഉൾപ്പെടുന്നു.

ഇങ്ങനെ സ്വന്തംകാലിൽ നിന്നുകൊണ്ട് ഔഷധ നിർമാണം നടത്തുന്നതുവഴി ഈ മരുന്നുകളുടെ വിലയും കുറയുവാൻ ഇടയായിട്ടുണ്ട്. 'റിഫാംപിസിൻ' ഇന്ത്യയിൽ ഉത്പാദിപ്പിക്കുവാൻ തുടങ്ങിയതോടെ അതിന്റെ വില കുത്തനെ ഇടിയുകയുണ്ടായി. ക്ഷയരോഗനിയന്ത്രണ പരിപാടിയെ ഇത് എത്രയേറെ സഹായിച്ചിട്ടുണ്ടെന്ന് ഊഹിക്കാവുന്നതേയുള്ളൂ. സഫലൈക്സിൻ എന്ന ആന്റിബയോട്ടിക്കിന്റെ വില ഇന്ത്യയിൽ ഉത്പാദനം തുടങ്ങിയിരുന്നില്ലെങ്കിൽ 29 ഇരട്ടിയായിരുന്നേനെ എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

ഇറക്കുമതി കുത്തകകൾ തകർക്കാൻ കഴിഞ്ഞതുകൊണ്ട് ഔഷധരംഗത്തുമാത്രം അനേകകോടി രൂപയുടെ വിദേശ നാണയം ലാഭിക്കുവാൻ ഇന്ത്യക്കു കഴിഞ്ഞു. ഇതു മാത്രമല്ല ഇന്ന് ഇന്ത്യൻ കമ്പനികൾ പല മരുന്നുകളും കയറ്റുമതി ചെയ്യുന്നു. ലോകത്തിൽ ഏറ്റവുമധികം വിൽക്കപ്പെടുന്ന ഔഷധങ്ങളിലൊന്നാണ് 'ഇബുപ്രൊഫൻ.' 1983-ലാണ് ഇതിന്റെ പേറ്റന്റ് കാലാവധി തീർന്നത്. ഇന്ത്യൻ നിയമത്തിന്റെ ആനുകൂല്യം കാരണം ഇന്ത്യയിൽ ഇതിന്റെ ഉത്പാദനം ഇതിനു വളരെ മുൻപുതന്നെ തുടങ്ങിയിരുന്നു. തൽഫലമായി പേറ്റന്റുകാലാവധി തീർന്ന സമയത്ത് മറ്റുപല രാജ്യങ്ങളേക്കാൾ കാര്യക്ഷമമായ 'ഇബുപ്രൊഫൻ' വ്യവസായം ഇന്ത്യയിലുണ്ടായിരുന്നു. ഇതുകാരണം ഇന്ന് ഇന്ത്യ അമേരിക്കൻ മാർക്കറ്റിൽ അമേരിക്കൻ കമ്പനികളെക്കാൾ കുറഞ്ഞ വിലയ്ക്ക് ഈ മരുന്ന് വിൽക്കുന്നു. അന്താരാഷ്ട്ര പേറ്റന്റുകൾ തീരുന്ന അല്ലെങ്കിൽ തീരാറായ പല മരുന്നുകളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. ഇത് ചില ബഹുരാഷ്ട്രകുത്തകകളെ പരിഭ്രാന്തരാക്കിയിട്ടുണ്ട്. രാസവസ്തു വ്യവസായത്തിലും ഇതുപോലുള്ള മുന്നേറ്റമുണ്ടാക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞിട്ടുണ്ട്. കീടനാശിനി വ്യവസായം തന്നെ നല്ലൊരുദാഹരണമാണ്. പല കീടനാശിനികളും അന്താരാഷ്ട്ര മാർക്കറ്റിൽ ഇറങ്ങി ഒരുകൊല്ലത്തിനുള്ളിൽ ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെടുന്നു. 'ഫെൻവാലറേറ്റ്', സൈപ്പർ മെത്രിൻ, ഡെക്കാമെത്രിൻ, ഐസോപ്രൂട്ടറോൺ, ഫോറേറ്റ്, എൻഡോസൾഫാൻ എന്നിവ ഉദാഹരണങ്ങളാണ്. ഇതുകാരണം പല കീടനാശിനികളുടേയും വില കുറയാൻ ഇടയായിട്ടുണ്ട്. ഫെൻവാലറേറ്റിന്റെ വില ലിറ്ററിന് 600 രൂപയിൽ നിന്ന് 200 രൂപയായി കുറയാൻ കാരണം മറ്റൊന്നുമല്ല. പുതിയ പ്രക്രിയകളുപയോഗിച്ചുകൊണ്ട് ഇത്തരം രാസവസ്തുക്കളും മരുന്നുകളും നിർമിക്കാൻ വേണ്ടി നടക്കുന്ന ഗവേഷണത്തിൽ ഇന്ത്യൻ പൊതുമേഖലാ ലബോറട്ടറികൾ (C S I R, N C L, R R L മുതലായവ) നടത്തുന്ന പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.

ഇന്ത്യ പാരീസ് കൺവെൻഷനിൽ ചേർന്നാൽ.....

പാരീസ് കൺവെൻഷനിൽ ചേരാനായി ഇന്ത്യയുടെ മേൽ നിരന്തരം സമ്മർദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ സംഭവിച്ചാൽ ഇന്ത്യൻ പേറ്റന്റ് നിയമങ്ങളിൽ മാറ്റങ്ങൾ വരുത്താൻ നാം നിർബന്ധിതരായിത്തീരും. ഇന്ത്യൻ കോടതികൾ തന്നെ അന്താരാഷ്ട്ര കരാറുകൾ മാനിക്കുകയെന്ന ഭരണഘടനാ ബാധ്യത പ്രകാരം, ഇന്ത്യൻ താൽപര്യങ്ങൾക്കു വിരുദ്ധമായി വിധി പറയേണ്ടിവരും. ഇന്ത്യൻ പേറ്റന്റ് നിയമങ്ങൾ പലതിനും നിയമസാധുതയില്ലാതെയും വരും. ഇങ്ങനെ സംഭവിച്ചാൽ:

1. ഉൽപന്ന പേറ്റന്റുകൾക്ക് എല്ലാ മേഖലകളിലും നിയമ സാധുത കൈവരും.
2. ഔഷധ-രാസവസ്തു വ്യവസായങ്ങളിലെ ഇന്ത്യൻ മേഖല തകരും. വിദേശ കുത്തകകൾ ആധിപത്യം വീണ്ടെടുക്കും.
3. മരുന്നുകളുടെയും കീടനാശിനികളുടെയും വ്യവസായങ്ങൾക്കാവശ്യമുള്ള മറ്റു പല രാസവസ്തുക്കളുടെയും വില കുതിച്ചുയരും.

4. ഈ മേഖലകളിൽ വളർന്നുവരുന്ന കയറ്റുമതി നിലയ്ക്കും. കൂടുതൽ ഇറക്കുമതി ചെയ്യേണ്ടിവരും. വിലപ്പെട്ട വിദേശനാണ്യം നഷ്ടപ്പെടും.

ഇന്ത്യയുടെ മേലുള്ള സമ്മർദങ്ങൾ

ഇന്ത്യ, ചൈന, ബ്രസീൽ, കൊറിയ തുടങ്ങിയ രാജ്യങ്ങൾ വ്യാവസായിക രംഗത്തു പല മേഖലകളിലും തങ്ങളുടെ കുത്തക താൽപര്യങ്ങൾ തകർത്തേക്കുമോ എന്ന ഭീതി പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളെ പിടികൂടിയിട്ടുണ്ട്. മാത്രമല്ല ഏറ്റവും പുതിയ സാങ്കേതിക വിപ്ലവത്തിന്റെ മുഖമുദ്രകളായ കമ്പ്യൂട്ടർ, ബയോടെക്നോളജി എന്നീ രംഗങ്ങളിൽ മറ്റുള്ളവർ വലിയ രീതിയിൽ കടന്നു വന്നേക്കുമോ എന്ന പേടിയും അവർക്കുണ്ട്. ഈ രംഗങ്ങളിലെ ഉത്പന്നങ്ങൾ അനുകരിക്കാൻ താരതമ്യേന എളുപ്പവുമാണ്. കമ്പ്യൂട്ടർ ചിപ്പുകൾ, സോഫ്ട്വേർ, ജൈവ സാങ്കേതിക ഉത്പന്നങ്ങൾ എന്നിവയ്ക്കു മിക്ക മൂന്നാം ലോകരാജ്യങ്ങളിലും പേറ്റന്റ് സംരക്ഷണമില്ല. ജൈവ സാങ്കേതിക രംഗത്ത് ചൈനയും ക്യൂബയും, കമ്പ്യൂട്ടർ രംഗത്ത് കൊറിയയും, രാസവസ്തു–ഔഷധ രംഗത്ത് ചൈനയും ബ്രസീലും ഇന്ത്യയും മറ്റും മുന്നേറിക്കൊണ്ടിരിക്കുന്നത് ബഹുരാഷ്ട്ര കുത്തകകളെയും അവരുടെ രാജ്യങ്ങളിലെ ഗവൺമെന്റുകളെയും ചൊടിപ്പിച്ചിരിക്കുന്നു. ഈ മൂന്നാം ലോകരാജ്യങ്ങൾ അധാർമികമായ അനുകരണവും മോഷണവും നടത്തുന്നു എന്നതാണ് ആരോപണം. എന്നാൽ തങ്ങൾ വ്യവസായവൽക്കരിച്ചുകൊണ്ടിരുന്ന കാലത്ത് തങ്ങളും ഇതു തന്നെയാണ് ചെയ്തിരുന്നതെന്നവർ സൗകര്യപൂർവം മറക്കുന്നു. ജർമൻ രാസവ്യവസായവും ജാപ്പനീസ് ഇലക്ട്രോണിക് വ്യവസായവും ഇന്നത്തെ സ്ഥിതിയിലെത്തിയത് അനുകരണത്തിലൂടെ തന്നെയാണ്. ഈ വ്യവസായങ്ങൾ പൂർണ വളർച്ച പ്രാപിച്ചതിനുശേഷം മാത്രമാണവർ ഇന്നത്തെ രീതിയിലുള്ള പേറ്റന്റ് വ്യവസ്ഥകൾ അംഗീകരിക്കാൻ തയ്യാറായത്. ബഹുരാഷ്ട്ര കുത്തകകൾക്ക് അധാർമികതയെപ്പറ്റി സംസാരിക്കാൻ തന്നെ അർഹതയില്ല. അവർ പിന്തുടരുന്ന അധാർമികവും മനുഷ്യത്വരഹിതവുമായ രീതികൾ ഇന്ന് പരക്കെ അറിയപ്പെടുന്നവയാണ്. മാത്രമല്ല പേറ്റന്റ് വ്യവസ്ഥ ആദ്യമായി ഉടലെടുത്തത് കണ്ടുപിടുത്തങ്ങൾ നടത്തുന്ന 'ചെറിയ വ്യക്തിയെ' സംരക്ഷിക്കാനാണ്. ഈ 'ചെറിയ വ്യക്തി' ഇന്ന് വിസ്മരിക്കപ്പെടുന്നുവെന്നു മാത്രമല്ല ഈ കമ്പനികളാൽ ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇന്നത്തെ പേറ്റന്റുകളിൽ ബഹുഭൂരിഭാഗവും കമ്പനികളുടെ പേരിലാണ്, വ്യക്തികളുടെയല്ല.

അമേരിക്കയാൽ നയിക്കപ്പെടുന്ന മുതലാളിത്ത ശക്തികൾ പല അന്താരാഷ്ട്ര ഫോറങ്ങളിലും മുമ്പു നൽകിയ ഉറപ്പുകൾക്കു വിരുദ്ധമായാണിന്നു പ്രവർത്തിക്കുന്നത്. UNCTAD, WIPO(World Intellectual Property Organisation) എന്നീ അന്താരാഷ്ട്ര ഫോറങ്ങളിൽ ഐക്യരാഷ്ട്രസഭയിലെ എല്ലാ രാജ്യങ്ങളും തമ്മിലുള്ള ബഹുപക്ഷ ചർച്ചകളിലൂടെ (Multilateral talks) പരിഹരിക്കപ്പെടേണ്ടതാണ് ഈ പ്രശ്നങ്ങൾ എന്നായിരുന്നു ഇതുവരെയുള്ള ധാരണ. എന്നാൽ ഇപ്പോൾ അമേരിക്കയും ജപ്പാനും ഇ. ഇ. സി രാജ്യങ്ങളും G A T T (General Agreement on Tariffs and Trade) എന്ന പേരിലുള്ള വാ

ണിജ്യ ചർച്ചകളിൽ ഈ പ്രശ്നം ഉയർത്തിക്കൊണ്ടുവന്നിരിക്കയാണ്. വാണിജ്യ ബന്ധങ്ങൾക്കുള്ള ഒരുപാധിയായി അവർ ഇതിനെ ഉപയോഗിക്കുന്നു. വാണിജ്യരംഗത്ത് ഇവരെ ആശ്രയിക്കുന്ന രാജ്യങ്ങളെ ഇങ്ങനെ വരുതിയിൽ വരുത്താനുള്ള ശ്രമമാണവർ നടത്തുന്നത്. അവർക്കിഷ്ടമല്ലാത്ത ദേശീയ പേറ്റന്റ് നിയമങ്ങൾക്കു മാറ്റം വരുത്തുക, കമ്പ്യൂട്ടർ, ജൈവസാങ്കേതിക വിദ്യകൾ എന്നിവയ്ക്ക് പേറ്റന്റ് സാധുത നൽകുക എന്നിവയാണ് അവർ ഉന്നയിക്കുന്ന മുഖ്യ ആവശ്യങ്ങൾ.

മൂന്നാം ലോകരാജ്യങ്ങൾ GATT വേദിയെ ഇങ്ങനെ ദുരുപയോഗിക്കുന്നതിനെ എതിർത്തു. ക്യൂബ, ഇന്ത്യ, ബ്രസീൽ എന്നീ രാജ്യങ്ങളാണ് ഈ എതിർപ്പിന് ആദ്യം നേതൃത്വം നൽകിയത്. ഈ രാജ്യങ്ങളുടെ മേൽ പല സമ്മർദ തന്ത്രങ്ങളും അമേരിക്ക ഉപയോഗിച്ചു തുടങ്ങി. ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി അമേരിക്ക സന്ദർശിച്ചപ്പോൾ അന്നത്തെ പ്രസിഡന്റായ റീഗൻ തന്നെ ഇക്കാര്യം വെട്ടിത്തുറന്നു പറഞ്ഞു. ഇന്ത്യയുമായുള്ള ശാസ്ത്ര-സാങ്കേതിക കരാർ (Science and Technology Initiative) പുതുക്കാനുള്ള ഒരുപാധിയായി ഇക്കാര്യം മുന്നോട്ടുവച്ചു. ഇന്ത്യൻ സർക്കാർ ചാഞ്ചാടുന്നുവെന്നു തോന്നിയപ്പോൾ കൂടുതൽ ശക്തമായ സമ്മർദങ്ങൾ തന്നെ അമേരിക്ക ഉപയോഗിച്ചു. ഏറ്റവും ഒടുവിലുള്ള ഭീഷണി അമേരിക്കൻ കോൺഗ്രസ് പാസാക്കിയ 'സൂപ്പർ 301' എന്ന ബില്ലുപയോഗിച്ചുകൊണ്ട് ഇന്ത്യയേയും ബ്രസീലിനേയും വിരട്ടുകയെന്നതാണ്. ഉറുഗ്വേയിൽ നടക്കുന്ന GATT സംഭാഷണങ്ങളിൽ പാശ്ചാത്യ രാജ്യങ്ങൾക്കെതിരെ ഉറച്ച നിലപാടെടുക്കുന്നതിൽ നിന്നവരെ പിൻതിരിപ്പിക്കുക എന്നതാണ് 'സൂപ്പർ 301'ന്റെ മുഖ്യലക്ഷ്യം.

ഉറുഗ്വേറൗണ്ടും ഡങ്കെൽ നിർദേശങ്ങളും

ബൗദ്ധികസമ്പത്തവകാശങ്ങളുൾപ്പെടെ അന്താരാഷ്ട്ര സാമ്പത്തിക ബന്ധങ്ങളെ ബാധിക്കുന്ന നിരവധി ഘടകങ്ങളെക്കുറിച്ച് ഗാട്ടിന്റെ ഉറുഗ്വേ റൗണ്ട് ചർച്ചകൾ 1986 മുതൽ നടന്നുവരുകയാണ്. ഉറുഗ്വേ റൗണ്ടിന്റെ അന്തിമപ്രവർത്തനം എന്ന നിലയിൽ ഗാട്ട് ഡയറക്ടർ ജനറലായ ആർതർ.എച്ച്. ഡങ്കെൽ 1991 ഡിസംബർ 20-ന് ആഗോള വാണിജ്യബന്ധങ്ങളെക്കുറിച്ച് വിശദമായ നിർദേശങ്ങളടങ്ങിയ, 441 പേജുള്ള നിർദേശങ്ങൾ (Dunkel Draft Text) ലോകരാഷ്ട്രങ്ങൾക്കു സമർപ്പിച്ചിരിക്കുകയാണ്. നിർദേശങ്ങൾ ഒന്നായിട്ട് കൊള്ളുകയോ തള്ളുകയോ ചെയ്യാവുന്ന വിധത്തിലാണുള്ളത്. നിർദേശങ്ങൾ ആഗോള രാഷ്ട്രീയ-സാമ്പത്തിക ബന്ധങ്ങളിൽ ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്നവയായതുകൊണ്ട്, ഇന്ത്യാഗവൺമെന്റിന് അതിനോടുള്ള നിലപാടിനെ സംബന്ധിച്ച് വിശദമായ ചർച്ചകളാരംഭിച്ചുകഴിഞ്ഞു.

ഉറുഗ്വേറൗണ്ട് എന്തിന്?

വിവിധ രാജ്യങ്ങളിലെ കസ്റ്റംസ് നിബന്ധനകളെക്കുറിച്ച് ചർച്ചചെയ്യുകയും തർക്കങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന താരതമ്യേന അപ്രധാനമായ ഒരു സമിതിയാണ് ഗാട്ട്. അന്താരാഷ്ട്ര ബന്ധങ്ങൾ ചർച്ച ചെയ്യുന്നതിന്

കൂടുതൽ ഔപചാരിക സ്വഭാവമുള്ള ഐക്യരാഷ്ട്രസഭ, അൺക്ടാഡ് (United Nations Council for Trade and Development) മുതലായ സമിതികളിരിക്കെ, ബൗദ്ധികസമ്പത്തവകാശങ്ങളെകുറിച്ച് ചർച്ച ചെയ്യാൻ ഗാട്ടിനെ ഉയർത്തിക്കൊണ്ടുവന്നത് ഗൗരവമേറിയ വസ്തുതയാണ്. ഗാട്ടിന്റെ ഉറുഗ്വേറൗണ്ട് ചർച്ചകളുടെ പ്രസക്തി മനസ്സിലാക്കുന്നതിന് കഴിഞ്ഞ ഏതാനും ദശകങ്ങളിലെ സംഭവങ്ങളിലേക്കു കണ്ണോടിക്കേണ്ടിവരും.

അറുപതുകളിലും എഴുപതുകളിലുമായി മൂന്നാംലോകരാഷ്ട്രങ്ങൾ സുപ്രധാന രാഷ്ട്രീയശക്തിയായി മാറിയിരുന്നു. സ്വന്തം സാമ്പത്തികാധിപത്യം നിലനിർത്താനുള്ള വികസിത രാഷ്ട്രങ്ങളുടെ ശ്രമങ്ങളെ ഇവർ ഒറ്റക്കെട്ടായി എതിർത്തു. വികസിത രാഷ്ട്രങ്ങളുടെ "ഏഴു രാഷ്ട്രങ്ങളുടെ ഗ്രൂപ്പ്" പോലെയുള്ള സംഘങ്ങളെ ചെറുത്തുകൊണ്ട് അവികസിത രാഷ്ട്രങ്ങളുടെ "77 രാഷ്ട്രങ്ങളുടെ ഗ്രൂപപ്" നിലവിൽവന്നു. അവികസിത രാഷ്ട്രങ്ങളുടെ ചെറുത്തു നിൽപ് വികസിതരാഷ്ട്രങ്ങളും അവികസിതരാഷ്ട്രങ്ങളും തമ്മിലുള്ള സംഭാഷണങ്ങൾക്കും വിലപേശലുകൾക്കും കാരണമായി. ഇവയുടെ ഫലമായാരംഭിച്ച "ഉത്തര-ദക്ഷിണ സംവാദം" (North-South Dialogue) ഒരു പുതിയ അന്താരാഷ്ട്ര സാമ്പത്തിക ക്രമ (New International Economic Order) ത്തെക്കുറിച്ചുള്ള ചർച്ചകളുയർത്തി. ഐക്യരാഷ്ട്രസഭയിലും അൺക്ടാഡിലുമായി അവികസിത രാഷ്ട്രങ്ങൾ നിരവധി സുപ്രധാന പ്രശ്നങ്ങളുയർത്തുകയും അവയിൽ പലതിലും അവികസിതരാഷ്ട്രങ്ങൾക്കനുകൂലമായി തീരുമാനങ്ങളുണ്ടാകുമെന്ന നില വരുകയും ചെയ്തു. അവയിൽ പ്രധാനപ്പെട്ടത് i) അവികസിത രാഷ്ട്രങ്ങളിലെ വളർച്ചയ്ക്കനുകൂലമായി പാരീസ് കൺവെൻഷൻ വ്യവസ്ഥകൾ തിരുത്തിയെഴുതുക, ii) ബഹുരാഷ്ട്രക്കുത്തകകളുടെ ഫലപ്രദമായ ചൂഷണമാർഗങ്ങളിലൊന്നായ സാങ്കേതികവിദ്യാകൈമാറ്റത്തിന് (Technology transfer) ഒരു പെരുമാറ്റച്ചട്ടമുണ്ടാക്കുക, iii) ബഹുരാഷ്ട്രകുത്തകകളുടെ മൊത്തം പ്രവർത്തനങ്ങൾക്ക് നിയമപരമായ ചട്ടക്കൂടുണ്ടാക്കുക എന്നിവയായിരുന്നു. അവികസിത രാഷ്ട്രങ്ങളുടെ ശക്തമായ സമ്മർദമുണ്ടായിട്ടും ബഹുരാഷ്ട്രകുത്തകകൾ ഈ തീരുമാനമെടുപ്പിക്കാതെ തടയുന്നതിൽ വിജയിച്ചു.

എൺപതുകൾ അവികസിത രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക കുഴപ്പങ്ങളുടെ കാലഘട്ടമായിരുന്നു. പാശ്ചാത്യ രാഷ്ട്രങ്ങളിലുണ്ടായ വ്യവസായമാന്ദ്യം അവികസിതരാഷ്ട്രങ്ങളുടെ കയറ്റുമതി വിലകൾ കുറയുന്നതിനിടയാക്കി. പല രാഷ്ട്രങ്ങളും അടവുശിഷ്ടക്കുഴപ്പത്തിന്റെ പിടിയിലായി. തുടർച്ചയായ ബഡ്ജറ്റ് കമ്മികൾ സാമ്പത്തിക ഭദ്രതയെ അലട്ടി. നിരവധി രാഷ്ട്രങ്ങൾ കുഴപ്പങ്ങളെ മറികടക്കാനായി വൻതോതിൽ വിദേശത്തുനിന്ന് കടംവാങ്ങാനാരംഭിച്ചു. ഐ.എം.എഫിൽനിന്നും ലോകബാങ്കിൽനിന്നും കടം വാങ്ങിയവർ ഈ സംഘടനകൾ നിർദേശിച്ച "ഘടനാപരമായ ക്രമീകരണ" പരിപാടികൾ സ്വീകരിക്കാൻ നിർബന്ധിതരായി. കഴിഞ്ഞ ദശകത്തിൽ അമ്പതിലധികം രാഷ്ട്രങ്ങൾ ഐ.എം.എഫ്-ലോകബാങ്കിന്റെ പാക്കേജ് സ്വീകരിച്ചിട്ടുണ്ട്.

അവികസിതരാഷ്ട്രങ്ങളുടെ സാമ്പത്തിക പരാധീനതയും ഐ.എം.എഫ്- ലോകബാങ്കിനോടുള്ള അവരുടെ വിധേയത്വവും, വികസിത രാഷ്ട്രങ്ങളുടെ അടവുകളിൽ വലിയൊരു മാറ്റം വരുത്തി. അവികസിതരാഷ്ട്രങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ പേരിൽ സാമ്പത്തിക മേഖലയിൽ പുതിയൊരാക്രമണത്തിനാണവർ ശ്രമിച്ചത്. അതിനായി അവർ തെരഞ്ഞെടുത്തത് അവികസിത രാഷ്ട്രങ്ങൾ കൂടുതൽ സംഘടിതരായ ഐക്യരാഷ്ട്ര സഭയുടെ സമിതികളല്ലായിരുന്നു, സംഘടിത രൂപമില്ലാത്ത ഗാട്ടായിരുന്നു. ഗാട്ടിന് മറ്റൊരു മെച്ചവുമുണ്ട്. വിവിധ തരത്തിലുള്ള വാണിജ്യ ഉപരോധങ്ങൾക്ക് അതിന്റെ നിബന്ധനകളിൽ വകുപ്പുണ്ട്. അവികസിത രാഷ്ട്രങ്ങളുടെ സാമ്പത്തിക നടപടികൾക്ക് തിരിച്ചടിയായി ഉപയോഗിക്കാവുന്ന വിരുദ്ധ പ്രതിക്രിയാ (Cross-retaliation) മാർഗങ്ങൾ അവയിൽ പ്രധാനമാണ്.

ഡങ്കൽ നിർദേശങ്ങളുടെ സ്വഭാവവും പ്രത്യാഘാതങ്ങളും പരിശോധിക്കുന്നതിന് ഈ പശ്ചാത്തലം പ്രധാനമാണ്. വാണിജ്യചർച്ചകളുടെ മറവിൽ അവികസിതരാഷ്ട്രങ്ങളുടെ വളർച്ചയെ പ്രതിരോധിക്കുന്നതും അവയെ ആശ്രിതത്വത്തിന്റെയും സാമ്പത്തിക പരാധീനതയുടെയും കുരുക്കുകളിൽ പെടുത്തുന്നതുമായ നിബന്ധനകളാണ് ഡങ്കൽ സമർപ്പിച്ചിരിക്കുന്നത്. അവ സ്വീകരിച്ചാൽ സ്വയം ബന്ധനസ്ഥരാകുക എന്നാണതിന്റെ അർഥം. അവയെ തള്ളിയാൽ അന്താരാഷ്ട്ര വാണിജ്യ വ്യവസ്ഥയിൽനിന്നു തന്നെ പുറത്തുപോകേണ്ടിവരും.

ഡങ്കൽ നിർദേശങ്ങൾ–പൊതുരൂപം

ഡങ്കൽ നിർദേശങ്ങൾ പ്രധാനമായും താഴെ പറയുന്ന മേഖലകളിലാണുള്ളത്

1. മാർക്കറ്റ് പ്രവേശനം (Market Access)
2. കൃഷി
3. വാണിജ്യവുമായി ബന്ധപ്പെട്ട ബൗദ്ധികസമ്പത്തവകാശങ്ങൾ (Trade Related Intellectual Property Rights-TRIPS)
4. വാണിജ്യവുമായി ബന്ധപ്പെട്ട നിക്ഷേപ നടപടികൾ (Trade Related Investment Measures-TRIMS)
5. സേവനങ്ങളുടെ വാണിജ്യം സംബന്ധിച്ച പൊതുകരാറ് (General Agreement on Trade in Services-GATS)
6. സ്ഥാപനപരമായ മാറ്റങ്ങൾ (Institutional Matters)
7. ഗാട്ട് നിയമങ്ങൾ

മാർക്കറ്റ് പ്രവേശനം (Market Access)

ഇന്ത്യയെപ്പോലുള്ള വികസ്വര രാഷ്ട്രങ്ങൾ 1993-നകം മൊത്തം ആഭ്യന്തര ഉപഭോഗത്തിന്റെ 2 ശതമാനം വിദേശ കുത്തകകൾക്കായി തുറന്നിടണമെ

ന്നാണ് ഡങ്കെൽ രേഖ അനുശാസിക്കുന്നത്. ഇത് 2003-ാമാണ്ടിനകം 3.33 ശതമാനമായി വർധിപ്പിക്കണം. ഇതിനുതകുന്ന വിധത്തിൽ രാഷ്ട്രത്തിന്റെ താരിഫ് നിബന്ധനകൾ വെട്ടിക്കുറയ്ക്കുന്ന കാര്യം ഉടനടി പരിഗണിക്കണമെന്ന് ഡങ്കെൽ ആവശ്യപ്പെടുന്നു. ഡങ്കെൽ നിർദേശങ്ങളെക്കുറിച്ച് ഇന്ത്യാഗവൺമെന്റ് വിതരണം ചെയ്തിരിക്കുന്ന രേഖയിൽ അസംസ്കൃത വസ്തുക്കൾ, മൂലധന ഉത്പന്നങ്ങൾ മുതലായവ ഇറക്കുമതി ചെയ്യുന്നതിനുള്ള കസ്റ്റംസ് ഡ്യൂട്ടി 30 ശതമാനം വെട്ടിക്കുറയ്ക്കുമെന്ന് ഗാട്ടിന് ഉറപ്പുനൽകിയതായി പറയുന്നുണ്ട്.

1992-93 -ലെ ബഡ്ജറ്റിൽ മൂലധന ഉത്പന്നങ്ങൾക്കുള്ള കസ്റ്റംസ് ഡ്യൂട്ടി 80 ശതമാനത്തിൽനിന്ന് 60 ശതമാനമായി കുറച്ചിട്ടുണ്ട്. അതുപോലെ എഞ്ചിനീയറിങ് ഉത്പന്നങ്ങൾ മുതലായവയ്ക്കും കസ്റ്റംസ് തീരുവ കുറച്ചിരിക്കുന്നു. ഡങ്കെലിന്റെ നിർദേശങ്ങൾ അതേപടി നടപ്പിലാക്കുന്നതിന് ഇന്ത്യ ഒരുമ്പെടുകയാണെന്നത് ഇതിൽനിന്ന് വ്യക്തമാണ്.

കൃഷി

കാർഷികരംഗത്തു ഡങ്കെലിന്റെ പ്രധാന നിർദേശങ്ങൾ താഴെ പറയുന്നവയാണ്:

1) ഉത്പാദന മൂല്യത്തിന്റെ 10 ശ്തമാനത്തിലധികം സ്റ്റേറ്റ് സഹായമായി ലഭിക്കുന്ന രാഷ്ട്രങ്ങളിൽ കർഷകർക്ക് നൽകുന്ന താങ്ങുവില 13.3 ശതമാനം കണ്ട് കുറയ്ക്കണം.

2) കാർഷിക ഉത്പാദകർക്കു നൽകുന്ന എല്ലാവിധ സബ്സിഡികളും 1999-നകം 20 ശതമാനം കണ്ടു കുറയ്ക്കണം. അതിൽ വളരെ കുറഞ്ഞ വരുമാനമുള്ളവരും വിഭവശേഷിയിൽ ദരിദ്രരുമായവരെ മാത്രമാണ് ഈ നിബന്ധനയിൽ നിന്നൊഴിവാക്കുന്നത്.

3) പൊതുവിതരണ സമ്പ്രദായം പോഷകാഹാരസംബന്ധമായി വ്യക്തമായി നിർവചിക്കപ്പെട്ട ലക്ഷ്യങ്ങൾക്കു മാത്രം നടപ്പിലാക്കാവുന്നതാണ്.

4) സർക്കാർ ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നത് നിലവിലുള്ള അങ്ങാടി വിലയിലായിരിക്കണം. ക്ഷാമകാലത്ത് നിലനിർത്തുന്ന ബഫർ സ്റ്റോക്കുകളുടെ കാര്യത്തിലും ഇതു ബാധകമാണ്.

5) വികസിത രാഷ്ട്രങ്ങൾക്കുള്ള കയറ്റുമതി സബ്സിഡി എടുത്തുകളയുന്നില്ല. കയറ്റുമതിയിൽനിന്നുള്ള അവരുടെ ബഡ്ജറ്റ് വിഹിതം 36 ശതമാനം 1999-നകം കുറച്ചാൽ മതി.

ഡങ്കെലിന്റെ നിർദേശങ്ങളിൽ ഇന്ത്യയെ ഏറ്റവും ഗൗരവമായി ബാധിക്കുന്ന നിർദേശങ്ങളാണിവ. ഇതു സ്വീകരിച്ചാൽ ഇന്ന് ഇന്ത്യയിൽ കാർഷികരംഗത്തുള്ള ധനസഹായ - സബ്സിഡി പദ്ധതികൾ മുഴുവൻ ഉപേക്ഷിക്കേണ്ടിവരും. ജലസേചനം, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയ്ക്കുള്ള സബ്സിഡികൾ, മറ്റുതരത്തിലുള്ള ധനസഹായപദ്ധതികൾ എന്നിവയെല്ലാം പിൻവലി

ക്കപ്പെടും. മൊത്തത്തിൽ ഇന്നു നിലവിലുള്ള പൊതുവിതരണ സമ്പ്രദായം ഉപേക്ഷിക്കപ്പെടുകയും "പോഷകാഹാരക്കുറവുള്ള" പ്രദേശങ്ങളിൽ മാത്രമായി അതു ചുരുക്കപ്പെടുകയും ചെയ്യും.

ഉദാഹരണത്തിന് കേരളത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷനിങ് സമ്പ്രദായം ഇല്ലാതാകും. ഭക്ഷ്യസംഭരണം അന്നന്നത്തെ അങ്ങാടി വിലയെ ആശ്രയിക്കുന്നത് ബഫർസ്റ്റോക്കുകളെ ബാധിക്കുന്നതു കൂടാതെ, ധാന്യ വിലയെ മൊത്തം സ്വാധീനിക്കും.

ഡങ്കൽ നിർദേശങ്ങൾ വികസിത രാഷ്ട്രങ്ങളിലും അവികസിതരാഷ്ട്രങ്ങളിലും നൽകുന്ന സബ്സിഡികളിൽ ഒരു വ്യത്യാസവും കാണുന്നില്ല. വികസിത രാഷ്ട്രങ്ങളിൽ മിച്ച ഉത്പന്നത്തെ വളർത്തുന്നതിനും ലോകവിപണിയിൽ കയറ്റുമതി വർധിപ്പിക്കുന്നതിനുമുള്ള മാർഗങ്ങളാണ് സബ്സിഡികൾ. അവികസിതരാഷ്ട്രങ്ങൾ സബ്സിഡികളെ സ്വാശ്രയത്വത്തിനുള്ള ഉപാധികളായിട്ടാണ് കാണുന്നത്. ഭക്ഷണത്തിന്റെ കാര്യത്തിൽ സുരക്ഷാസംവിധാനം ഏർപ്പെടുത്തുക, ധാന്യോത്പാദനത്തിന്റെ തോത് വർധിപ്പിക്കുകയും ആവശ്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തുകയും ചെയ്യുക, കയറ്റുമതി വർധിപ്പിക്കുക മുതലായ ആവശ്യങ്ങൾക്കാണ് സബ്സിഡികൾ. ഇവയെല്ലാം വെട്ടിക്കുറയ്ക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നുവെന്നു മാത്രമല്ല, കാർഷികരംഗത്ത് ഗവണ്മെന്റിന് ഇടപെടാനുള്ള കഴിവ് ഏതാണ്ടില്ലാതാകുകയും ചെയ്തിരിക്കുകയാണ്. അതേസമയം, വികസിതരാഷ്ട്രങ്ങളിലെ കയറ്റുമതി സബ്സിഡി കുറയ്ക്കാനാവശ്യപ്പെട്ടിട്ടുമില്ല. വികസിതരാഷ്ട്രങ്ങളിലെ കർഷകർക്കുനൽകുന്ന താങ്ങുവ്യവസ്ഥകൾ ഉത്പാദനച്ചെലവിനെക്കാൾ കുറഞ്ഞവിലയ്ക്ക് കയറ്റുമതി ചെയ്യാനും അവരെ സഹായിക്കുന്നു. അതായത് വികസിത രാഷ്ട്രങ്ങളിൽനിന്ന് കാർഷിക ഉത്പന്നങ്ങളുടെ ഇറക്കുമതി വൻതോതിൽ വർധിക്കാനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. അതായത് എല്ലാ ഉത്പന്നങ്ങളിലുമുള്ള വിപണിയുടെ 3.3 ശതമാനം വിദേശരാഷ്ട്രങ്ങൾക്കു നൽകുമ്പോൾ നമ്മുടെ ഭക്ഷ്യ ഉപഭോഗത്തിന്റെ 3.3 ശതമാനം ഇറക്കുമതി ചെയ്യേണ്ടിവരും. ഓരോ വർഷവും ഏതാണ്ട് 50 ലക്ഷം ടൺ അരിയും ഗോതമ്പും ഇറക്കുമതി ചെയ്യാൻ നാം ബാധ്യസ്ഥരാകും.

വാണിജ്യവുമായി ബന്ധപ്പെട്ട ബൗദ്ധികസമ്പത്തവകാശങ്ങൾ (TRIPS)

ഡങ്കൽ നിർദേശങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണിത്. പ്രധാന നിർദേശങ്ങൾ താഴെ പറയുന്നവയാണ്:

1. പേറ്റന്റുകളുടെ കാലാവധി എല്ലാ രാഷ്ട്രങ്ങളിലും ഏറ്റവും കുറഞ്ഞത് 20 വർഷമായിരിക്കും.

2. സൂക്ഷ്മജീവികൾ, സൂക്ഷ്മജീവശാസ്ത്രപരമായ പ്രക്രിയകൾ എന്നിവ പേറ്റന്റിൽ പെടുത്തും.

3. വൈവിധ്യമാർന്ന സസ്യങ്ങളുടെ സംരക്ഷണം പേറ്റന്റുകൾ വഴിയോ തത്തുല്യമായ ഫലപ്രദമായ സംരക്ഷണ മാർഗങ്ങൾ വഴിയോ നടത്തും.

4. നിർബന്ധിത ലൈസൻസുകൾ നൽകുന്നതിനുള്ള സംവിധാനം നിർദേശിച്ചിട്ടില്ല. പേറ്റന്റ് ഉപയോഗിക്കുന്നയാൾ പേറ്റന്റുടമയിൽനിന്ന് വാണിജ്യവ്യവസ്ഥകൾക്കനുസരിച്ച അധികാരപത്രം വാങ്ങാനായി ശ്രമം നടത്തുകയും അത്തരത്തിലുള്ള ശ്രമങ്ങൾ വിജയിക്കാതിരിക്കുകയും ചെയ്തതായി തെളിഞ്ഞാൽ മാത്രമേ ഇത്തരം ലൈസൻസുകൾ നൽകാവൂ.

5. പേറ്റന്റുടമയുടെ അനുവാദമില്ലാതെ തത്തുല്യമായ വസ്തു ഉത്പാദിപ്പിക്കുകയാണെങ്കിൽ, പേറ്റന്റു ചെയ്ത പ്രക്രിയ വഴി ഉത്പാദിപ്പിച്ചതായി കണക്കാക്കപ്പെടും. ഇവിടെ പേറ്റന്റവകാശത്തെ ലംഘിച്ചതായി പേറ്റന്റുടമ പരാതി കൊടുക്കുകയാണെങ്കിൽ, ആ പരാതി തെറ്റാണെന്ന് തെളിയിക്കേണ്ടതിന്റെ ചുമതല പ്രതിയുടേതാണ്.

6. പ്രക്രിയാ പേറ്റന്റുകൾ ഇന്നുപയോഗിക്കുന്ന രാഷ്ട്രങ്ങൾക്ക് ഉത്പന്ന പേറ്റന്റുകളിലേക്കു മാറാൻ പത്തുവർഷം ലഭിക്കും. 2003 ജനുവരി ഒന്നുമുതൽ പുതിയ പേറ്റന്റ് നിർദേശങ്ങൾ അനുസരിക്കപ്പെടും.

7. എങ്കിലും, 1993 മുതൽ പേറ്റന്റ് അപേക്ഷകൾ നൽകാം. പേറ്റന്റ് അനുവദിച്ചതു മുതൽ അഞ്ചുവർഷത്തേക്ക് സമ്പൂർണ വിപണനാവകാശങ്ങൾ പേറ്റന്റുടമയ്ക്ക് ലഭിക്കും.

മുൻകാണിച്ച നിർദേശങ്ങളെല്ലാം ആഗോളതലത്തിൽ നടപ്പിലാക്കേണ്ടതാണെന്നത് ശ്രദ്ധേയമാണ്. മുമ്പ് പാരീസ് കൺവെൻഷനിൽ അംഗമായ രാഷ്ട്രങ്ങൾക്കുപോലും ദേശീയ പ്രത്യേകതകളനുസരിച്ച് പേറ്റന്റ് നിബന്ധനകളിൽ മാറ്റം വരുത്താൻ അനുവാദമുണ്ടായിരുന്നു. ഇപ്പോൾ ബൗദ്ധിക സ്വത്തിന്റെമേൽ വ്യത്യസ്ത രാഷ്ട്രങ്ങൾക്കുള്ള നിയന്ത്രണം എടുത്തുകളഞ്ഞിരിക്കുകയാണ്. അതുപോലെ ഏതെല്ലാം കാര്യങ്ങൾ പേറ്റന്റുകളിൽ പെടുത്തരുതെന്നും ഡങ്കെൽതന്നെ നിർദേശിക്കുന്നതുകൊണ്ട് അക്കാര്യത്തിലും രാഷ്ട്രങ്ങൾക്കുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു.

ഇന്ത്യയെപ്പോലുള്ള വികസ്വരരാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ ഉത്പന്നങ്ങളെയും ഉത്പന്നപേറ്റന്റിലുൾപ്പെടുത്താനുള്ള നിർദേശം വളരെയധികം ദോഷം ചെയ്യും. ഭക്ഷ്യവസ്തുക്കൾ, ഔഷധങ്ങൾ, രാസവസ്തുക്കൾ, മുതലായവയ്ക്ക് ഉത്പന്ന പേറ്റന്റുകളേർപ്പെടുത്തിയാൽ ദേശീയ താത്പര്യങ്ങളും വിഷയങ്ങളുമനുസരിച്ച് മെച്ചപ്പെട്ട പ്രക്രിയകൾ വഴി ഇത്തരം സാധനങ്ങളുണ്ടാക്കാനുള്ള നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടും. മരുന്നുവ്യവസായത്തിന് പ്രത്യേകിച്ചും ഇത് കനത്ത തിരിച്ചടിയായിരിക്കും. ഇന്ന് ലോകത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്ന രാഷ്ട്രം ഇന്ത്യയാണ്. മരുന്നുവിലകൾ വൻതോതിൽ വർധിക്കുമെന്നു മാത്രമല്ല, ഇന്ത്യൻ ആരോഗ്യവ്യവസ്ഥയ്ക്ക് യോജിക്കാത്ത മരുന്നുകളുടെ വിപണനം ഇവിടത്തെ ആരോഗ്യപരിപാലന സമ്പ്രദായങ്ങളെ ഹാനികരമായി ബാധിക്കും.

ഏറ്റവും ഗൗരവമുള്ള മറ്റൊരു നീക്കം ജനിതക വിഭവങ്ങളുടെ മേലുള്ള പേറ്റന്റുകളാണ്. ജനിതകമായി മാറ്റിയെടുത്ത ജീവികൾ, ജൈവജനിതക

വസ്തുക്കൾ, സസ്യങ്ങൾ, വിത്തുകൾ മുതലായവയെല്ലാം പേറ്റന്റ് ചെയ്യപ്പെടുകയോ പേറ്റന്റിനനുസൃതമായ സംരക്ഷണം നൽകപ്പെടുകയോ ചെയ്താൽ, ഇന്ന് അവികസിതരാഷ്ട്രങ്ങളിൽ പ്രധാനമായി ഉത്പാദിപ്പിക്കുന്ന ജേംപ്ലാസം മുഴുവനും സ്വാകാര്യവൽക്കരിക്കപ്പെടുകയും വിദേശക്കുത്തകകളുടെ പേറ്റന്റവകാശങ്ങളുടെ ഭാഗമായിത്തീരുകയും ചെയ്യും. അറുപതുകളുടെ അവസാനം മുതൽ ഇന്ത്യ നേടിയെടുത്ത കാർഷിക ഗവേഷണത്തിലെ മുൻകൈ അതോടെ നഷ്ടപ്പെടും. പുതിയ വിത്തുകളും സസ്യജനുസ്സുകളും ഉത്പാദിപ്പിക്കാനുള്ള നമ്മുടെ ശ്രമങ്ങൾപോലും തടയപ്പെടും. കാരണം, പ്രക്രിയാ പേറ്റന്റുകൾ ഫലപ്രദമായി ഇല്ലാതാവുകയാണല്ലോ. അതിനുപകരം വിത്തുകൾ, സസ്യങ്ങൾ, മറ്റുത്പന്നങ്ങൾ എന്നിവ കുത്തകകളുടെ കയ്യിൽനിന്ന് ഇറക്കുമതി ചെയ്യേണ്ടിവരും. സസ്യോത്പാദക അവകാശങ്ങ (Plant Breeder's Rights) ളുടെ കീഴിലുള്ള എല്ലാ സംരക്ഷണവും ഇറക്കുമതിച്ചരക്കുകൾക്കു ലഭിക്കുകയും ചെയ്യും. വിത്തുകളുടെയും സസ്യങ്ങളുടെയും വിലവർധന മൊത്തം ഭക്ഷ്യധാന്യങ്ങളുടെ വിലവർധനയ്ക്കും കാരണമാകും.

പേറ്റന്റ് കാലാവധി ഇരുപതു വർഷമാക്കാനുള്ള നിർദേശം അശാസ്ത്രീയമാണെന്നു മാത്രമല്ല, നമ്മുടെ പേറ്റന്റുകളുടെ സ്വഭാവത്തെ മാറ്റിമറിക്കുകയും ചെയ്യും. ഇന്ത്യൻ പേറ്റന്റ് നിയമം അനുശാസിക്കുന്ന 7-14 വർഷങ്ങൾ ധാരാളം പുതിയ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ സഹായിച്ചിട്ടുണ്ട്. ഇന്ന് പുതിയ ഉത്പന്നങ്ങൾ വന്നുകൊണ്ടിരിക്കുന്നതിന്റെ വേഗതയുമായി താരതമ്യപ്പെടുത്തുമ്പോൾ 20 വർഷം വളരെ നീണ്ട കാലയളവാണ്. അമേരിക്കയിലെ പേറ്റന്റ് കാലാവധി 20 വർഷമാണെന്നതൊഴിച്ചാൽ അതു നടപ്പിലാക്കാൻ വേറെ ന്യായങ്ങളില്ല. 20 വർഷത്തെ ഉത്പന്ന പേറ്റന്റ് നമ്മുടെ ശാസ്ത്രസാങ്കേതിക ഗവേഷണത്തെ മുരടിപ്പിക്കും. ദേശീയതലത്തിൽ പുതിയ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള നമ്മുടെ കഴിവ് നഷ്ടപ്പെടുകയും ഉത്പാദനം പൂർണമായി വിദേശ ബഹുരാഷ്ട്രകുത്തകകളുടെ നിയന്ത്രണത്തിലാകുകയും ചെയ്യും.

ഓരോ പ്രദേശത്തെയും പൊതുനിയമം, ധാർമികത, മനുഷ്യർ, സസ്യങ്ങൾ, ജന്തുക്കൾ എന്നിവരുടെയും താത്പര്യങ്ങൾ, പരിസ്ഥിതി സന്തുലനം എന്നിവയ്ക്കെതിരായ പേറ്റന്റുകൾ ഒഴിവാക്കാമെന്ന വ്യവസ്ഥയുണ്ട്. പക്ഷേ, അവ പ്രാദേശിക നിയമങ്ങളെ മാത്രം ആശ്രയിച്ചു നടപ്പിലാക്കരുതെന്നും ഡങ്കെൽ നിർദേശങ്ങൾ അനുശാസിക്കുന്നു. അതായത്, ഒരു വിഷയത്തെ പേറ്റന്റ് നിയമത്തിൽനിന്ന് ഒഴിവാക്കാൻ തീരുമാനിച്ചാൽ അവ വേറെയേതെങ്കിലും രാഷ്ട്രങ്ങളിൽ പേറ്റന്റിന്റെ പരിധിയിലാണെന്ന വാദം ഉന്നയിച്ച് ആ തീരുമാനം എതിർക്കപ്പെടാം. പേറ്റന്റിന്റെ പരിധിയിൽ ഏതെല്ലാം ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കാനുള്ള രാഷ്ട്രങ്ങളുടെ അവകാശം ഡങ്കെൽ നിർദേശങ്ങൾ എടുത്തുകളഞ്ഞിരിക്കുന്നു. അതുപോലെ, കണ്ടുപിടുത്തത്തിന്റെ സ്ഥലം, സാങ്കേതികവിദ്യയുടെ പ്രവർത്തനമേഖല, ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യപ്പെടുന്നതോ, പ്രാദേശികമായി ഉത്പാദിപ്പിക്കപ്പെടുന്നതോ മുതലായ പരിഗണനകൾ കൂടാതെ പേറ്റന്റുകൾ ലഭിക്കുന്നതാണ് എന്ന നിബന്ധനയും രാഷ്ട്രങ്ങളുടെ നിർണയാധികാരത്തെ തകർക്കുന്നു.

പേറ്റന്റുകളുടെ ദുരുപയോഗത്തെ ചെറുക്കുന്നതിനുള്ള വ്യവസ്ഥകളാണ് നിർബന്ധിത ലൈസൻസിങ്ങും പേറ്റന്റവകാശത്തിൽ കൈകടത്തിയെന്ന ആരോപണം തെളിയിക്കാനുള്ള ബാധ്യത പരാതിക്കാരനായിരിക്കുമെന്നതും. ദേശീയ അടിയന്തിരാവസ്ഥാഘട്ടം പോലുള്ള വളരെ ഗൗരവമുള്ള സാഹചര്യങ്ങളിൽ മാത്രമേ നിർബന്ധിത ലൈസൻസിങ് വിഭാവനം ചെയ്യപ്പെടുന്നുള്ളു. സാധാരണ സമയങ്ങളിൽ അതു പാടില്ലെന്നർഥം. നിർബന്ധിത ലൈസൻസിങ്ങിനുള്ള വ്യവസ്ഥ ഇല്ലാതായതോടെ പേറ്റന്റിന്റെ ഉപയോഗിക്കാനുള്ള (Working the Patent) അധികാരം പേറ്റന്റുടമയുടെ മാത്രമായിരിക്കുന്നു. അയാൾ പേറ്റന്റുപയോഗിക്കാതിരുന്നാൽ മറ്റൊരാൾക്ക് അതേ ഉത്പന്നം വിപണിയിലിറക്കാൻ ഒരധികാരവുമില്ല. ദേശീയ താൽപര്യത്തെ മുൻനിർത്തി പേറ്റന്റുപയോഗത്തിൽ ഇടപെടാൻ ഗവൺമെന്റിനും സാധിക്കയില്ല. പേറ്റന്റുടമയുടെ ഭാഗത്തുനിന്ന് അധികാരപത്രം ലഭിച്ചാലേ മറ്റൊരാൾക്ക് ഉത്പാദനം നടത്താൻ കഴിയൂ എന്നുപറയുന്നത് പേറ്റന്റുടമയുടെ പ്രാധാന്യത്തെയാണ് കാണിക്കുന്നത്. മറ്റൊരാളെ ഉത്പാദനം നടത്താനാകാത്തവിധത്തിൽ നിയമങ്ങളെ ഉപയോഗിക്കാൻ പേറ്റന്റുടമയ്ക്കു സാധിക്കും. അധികാരപത്രം ലഭിക്കുന്നതിനായി വമ്പിച്ച തുകയും പ്രാദേശിക വ്യവസായിക്കു നൽകേണ്ടിവരും.

പേറ്റന്റവകാശം ലംഘിക്കപ്പെട്ടുവെന്നു പരാതി നൽകിയാൽ ആ പരാതി ശരിയല്ലെന്ന് തെളിയിക്കാനുള്ള ഉത്തരവാദിത്തം പ്രതിയിലാകുമെന്നുള്ള നിബന്ധന പേറ്റന്റുടമയ്ക്ക് കൂടുതൽ സംരക്ഷണം നൽകുന്നു. അതോടൊപ്പം ഇത് ഇന്ത്യൻ നീതിന്യായ ക്രമത്തിന് വിരുദ്ധവുമാണ്. ഇന്ത്യൻ പേറ്റന്റ് നിയമമനുസരിച്ച് പരാതിക്കാരനാണ് തെളിവുകൾ ഹാജരാക്കുന്നത്. ഇത് പുതിയ ഗവേഷണത്തിനും കണ്ടുപിടുത്തങ്ങൾക്കും പ്രോത്സാഹനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഡങ്കൽ നിർദേശം പേറ്റന്റുടമയുടെ കുത്തകാവകാശത്തെ ഉറപ്പിക്കുകയും അതേ മേഖലയിലെ ഗവേഷണത്തെ പൂർണമായി നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. ഇന്ത്യൻ പേറ്റന്റ് നിയമമനുസരിച്ച് "ലൈസൻസ് അവകാശം" നൽകാനുള്ള ഗവൺമെന്റിന്റെ അവകാശവും എടുത്തുകളയപ്പെടുന്നു.

ഇന്ത്യയെപ്പോലുള്ള രാഷ്ട്രങ്ങൾക്ക് ഉത്പന്ന പേറ്റന്റിലേക്കു മാറുവാൻ ലഭിക്കുന്ന പത്തുകൊല്ലവും സൂക്ഷ്മമായി പരിശോധിച്ചാൽ പ്രയോജനകരമല്ലെന്നു കാണാം. ഇതുവരെ സ്വന്തം നിയമങ്ങളിൽ ഉൾപ്പെടുത്താതിരുന്ന മേഖലകളിൽ പേറ്റന്റ് അപേക്ഷകൾ 1993 ജനുവരി 1 മുതൽ ഇന്ത്യയ്ക്കു സ്വീകരിക്കേണ്ടിവരും. എന്നാൽ മാത്രമേ, അവയ്ക്ക് 2003 ജനുവരി 1 മുതൽ സംരക്ഷണം ലഭിക്കുകയുള്ളു. അപ്പോൾ അപേക്ഷകൾ നൽകുന്ന തിയ്യതി മുതലുള്ള അവകാശങ്ങൾക്കാണ് സംരക്ഷണം ലഭിക്കുന്നത്. ഫാർമസ്യൂട്ടിക്കൽസ് പോലുള്ള മേഖലകളിൽ പേറ്റന്റ് ലഭിച്ച് എട്ടുപത്തുവർഷം കഴിഞ്ഞതിനുശേഷം മാത്രമേ ഉത്പന്നം വിപണിയിലെത്തിക്കാൻ കഴിയുകയുള്ളു. അതായത്, പത്തുവർഷത്തെ സമയംകൊണ്ട് അവർക്ക് ഒരു പ്രയോജനവുമില്ല. ഇത്തരം സംരക്ഷണത്തിനു സാധ്യതയുള്ള മേഖലകളിൽ പ്രാദേശിക വ്യവസായികളാരും അടുത്ത പത്തുവർഷത്തേയ്ക്ക് പുതിയതായി ഗവേഷണം ആരംഭിക്കുകയുമില്ല. അത്തരം

ഗവേഷണഫലങ്ങൾ വിപണിയിലെത്താതെ തടയപ്പെടാൻ സാധ്യതയുണ്ട്. അങ്ങനെ ഇന്നത്തെ പല ഗവേഷണവും നിർത്തിവയ്ക്കപ്പെടും.

ഇന്ത്യൻ പേറ്റന്റ് നിയമവും ഡങ്കെലും

ഇന്ത്യൻ പേറ്റന്റ് നിയമം (1970)	ഡങ്കൽരേഖ (1991)
1. പേറ്റന്റ് സമ്പ്രദായം ദേശീയ വികസനത്തിന്റെ ഉപകരണം.	പേറ്റന്റുകൾ ബഹുരാഷ്ട്ര കുത്തകകളുടെ ഉപകരണം.
2. ദേശീയ ഉത്പാദന വ്യവസ്ഥ യുടെ വളർച്ച.	ഇറക്കുമതി കുത്തകകളുടെ വളർച്ച.
3. പ്രക്രിയാ പേറ്റന്റുകൾക്കു പ്രാധാന്യം.	ഉത്പന്ന പേറ്റന്റുകൾ.
4. നിർബന്ധിത ലൈസൻസുകൾ ശക്തിപ്പെടുത്തുന്നു.	നിർബന്ധിത ലൈസൻസുകൾ ഉപേക്ഷിക്കപ്പെടുന്നു.
5. ലൈസൻസ് അവകാശം നടപ്പിലാക്കി.	ലൈസൻസ് അവകാശം ഉപേക്ഷിക്കപ്പെടുന്നു.
6. പൊതുതാൽപര്യങ്ങൾക്ക് കൃഷി,ഭക്ഷണം,ആണവോർജം മുതലായവയെ പേറ്റന്റിൽ നിന്നൊഴിവാക്കി.	കൃഷിയും ഭക്ഷ്യവസ്തുക്കളും (സൂക്ഷ്മജീവികൾ, വിത്തുകൾ, സസ്യങ്ങൾ, ജനിതക പദാർഥ ങ്ങൾ)പേറ്റന്റിലുൾപ്പെടുത്തുന്നു.
7. രാസവസ്തുക്കൾ, മരുന്നുകൾ മുതലായവ ഉത്പന്ന പേറ്റന്റിൽ നിന്നൊഴിവാക്കി.	രാസവസ്തുക്കൾ, മരുന്നുകൾ എന്നിവയെ ഉത്പന്ന പേറ്റന്റിൽ ഉൾപ്പെടുത്തുന്നു.
8. പേറ്റന്റ് കാലാവധി	പേറ്റന്റ് കാലാവധി
7 മുതൽ 14 വരെ വർഷങ്ങൾ	മിനിമം 20 വർഷം.
9. പേറ്റന്റ് കുറ്റങ്ങൾ തെളിയി ക്കേണ്ട ചുമതല പരാതിക്കാരന്.	പേറ്റന്റ് കുറ്റം ചെയ്തിട്ടില്ലെന്നു തെളിയിക്കേണ്ട ചുമതല പ്രതിയ്ക്ക്.

പേറ്റന്റ് അപേക്ഷ നിലവിലിരിക്കെത്തന്നെ, 5 വർഷത്തേക്ക് സമ്പൂർണ മാർക്കറ്റിങ് അവകാശങ്ങൾ നൽകുന്നത് പേറ്റന്റുടമയുടെ അവകാശങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നു. അതായത്, പത്തുകൊല്ലത്തെ "പരിവർത്തന ഘട്ടം" ഒരുതരത്തിലും നിലവിലുള്ള സാങ്കേതികവിദ്യാ ഗവേഷണത്തെയോ ഉത്പാദനത്തെയോ സഹായിക്കുകയില്ല. ഉത്പാദനം മുഴുവൻ ബഹുരാഷ്ട്ര

കുത്തകകളുടെ കീഴിൽ കൊണ്ടുവരാനുള്ള നിബന്ധനകളാണ് ഇപ്പോഴുള്ളത്. ഡങ്കെൽ നിർദേശങ്ങളനുസരിച്ച് ദേശീയനിയമങ്ങളെ രൂപപ്പെടുത്താനുള്ള സമയം അനുവദിക്കുക എന്നതുമാത്രമാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

പാരീസ് കൺവെൻഷന്റെ നിയമങ്ങളനുസരിച്ച് ഒരു ഉത്പന്നം ഇറക്കുമതിചെയ്താൽ ആ പ്രദേശത്തിൽ പേറ്റന്റ് ഉപയോഗപ്പെടുത്തിയെന്നു കണക്കാക്കപ്പെടും. ഡങ്കെൽ നിർദേശങ്ങളനുസരിച്ചാൽ, അതിന്റെ പ്രാദേശിക തലത്തിലുള്ള ഉത്പാദനത്തിന് കാലതാമസം വരുകയും ഉത്പന്നത്തിന്റെ മേലുള്ള കുത്തകാവകാശം പേറ്റന്റ് ഉപയോഗിക്കുന്ന വിദേശക്കമ്പനിയുടെ കയ്യിലാകുകയും ചെയ്യും. രാഷ്ട്രം ഇറക്കുമതിയെ വൻതോതിൽ ആശ്രയിക്കേണ്ടിവരും. ഉത്പന്നങ്ങളുടെ വില ഭീമമായി വർധിക്കും.

ഡങ്കെലിന്റെ TRIPS നിർദേശങ്ങൾ ഇന്ത്യൻ പേറ്റന്റ് നിയമത്തിനും നമ്മുടെ ഭരണഘടനയ്ക്കുപോലും വിരുദ്ധമാണ്. ശാസ്ത്രസാങ്കേതിക വളർച്ചയ്ക്കും വ്യവസായവത്ക്കരണത്തിനും ഇതുവരെ നാം അംഗീകരിച്ചുവന്ന ചട്ടക്കൂട് പൂർണമായി അഴിച്ചുപണിയേണ്ടിവരും.

വാണിജ്യവുമായി ബന്ധപ്പെട്ട നിക്ഷേപ നടപടികൾ (TRIMS)

നിക്ഷേപനടപടികളിൽ വിദേശികൾക്ക് ദേശീയതലത്തിലുള്ള നിർവഹണാധികാരം നൽകുകയാണ് TRIMS-ന്റെ പ്രധാന ഘടകം. ഇതൊഴിച്ചാൽ മറ്റൊരു ബാധ്യതയും TRIMS ഗവൺമെന്റിന്റെ മേൽ കെട്ടിയേൽപിക്കുന്നില്ലെന്നാണ് ഡങ്കെൽ നിർദേശങ്ങളെ സംബന്ധിച്ച ഇന്ത്യാഗവൺമെന്റിന്റെ രേഖ പറയുന്നത്. എന്നാൽ മറ്റുപല നിർദേശങ്ങളുംകൂടി കൂട്ടിവായിച്ചാൽ വിദേശ മൂലധനത്തിന് വൻതോതിലുള്ള ആനുകൂല്യങ്ങൾ നൽകാൻ ഡങ്കെൽ നിർദേശങ്ങൾ ആവശ്യപ്പെടുന്നതായി കാണാം. പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ താഴെ പറയുന്നു:

1. കയറ്റുമതി വർധിപ്പിക്കുക, വിദേശനാണ്യസമാഹരണം മുതലായ മേഖലകളിലൊന്നിലും വിദേശകമ്പനികൾക്ക് നമ്മുടെ സമ്പദ്‌വ്യവസ്ഥയോട് ഒരു ബാധ്യതയും ഉണ്ടാകില്ല.

2. അസംസ്കൃതവസ്തുക്കൾ, ഘടകവസ്തുക്കൾ, യന്ത്രോപകരണങ്ങൾ മുതലായവയുടെ ഇറക്കുമതിയിൽ വിദേശകമ്പനികളുടെ മേൽ ഒരു നിയന്ത്രണവുമേർപ്പെടുത്താൻ സാധിക്കുകയില്ല.

3. പ്രാദേശിക അസംസ്കൃതവസ്തുക്കൾ, ഘടക വസ്തുക്കൾ മുതലായവ ഉപയോഗിക്കുന്നതിലും വിദേശകമ്പനിയ്ക്ക് ഒരു ബാധ്യതയുമില്ല.

ചുരുക്കത്തിൽ, വിദേശനിക്ഷേപങ്ങളുടെ മേൽ ഒരുതരത്തിലുള്ള നിയന്ത്രണവുമേർപ്പെടുത്താൻ ഗവൺമെന്റിനു സാധിക്കുകയില്ല. ലാഭംകൊയ്യാൻ അവരുപയോഗിക്കുന്ന ട്രാൻസ്ഫർ പ്രൈസിങ് മുതലായ മാർഗങ്ങളെ തടയാനും കഴിയുകയില്ല. ഇന്നത്തെ നിയന്ത്രണനിയമങ്ങളായ FERA, MRTP മുതലായവ തിരുത്തിയെഴുതുകയോ ഉപേക്ഷിക്കുകയോ ചെയ്യേണ്ടിവരും.

ഐ. എം. എഫ് – ലോകബാങ്ക് വ്യവസ്ഥകളുടെ ഫലമായി ഇന്ത്യൻ വ്യവസായം ശക്തമായ മുരടിപ്പിനെ നേരിടുകയാണ്. ഈ സാഹചര്യത്തിൽ ഇന്ത്യയിൽ ഒരു 10-20 ബില്യൻ (1000-2000 കോടി) ഡോളർ നിക്ഷേപിക്കപ്പെടുകയാണെങ്കിൽ ഇന്ത്യയുടെ വ്യവസായങ്ങളുടെ മേൽ ആധിപത്യം ചെലുത്താൻ വിദേശികൾക്കു കഴിയും. ഡങ്കെൽ നിർദേശങ്ങളുടെ പശ്ചാത്തലത്തിൽ, അത്തരം നിക്ഷേപങ്ങളുണ്ടായാൽ, തടയാൻ ഇന്ത്യാ ഗവൺമെന്റിനു കഴിഞ്ഞെന്നുവരില്ല.

സേവനങ്ങളുടെ വാണിജ്യം സംബന്ധിച്ച പൊതുകരാറ് (GATS)

കാർഷിക വ്യാവസായിക മേഖലകളിൽ രൂപപ്പെടുത്തുന്ന വാണിജ്യ നിയമങ്ങൾ സേവനമേഖലയിലേക്കുകൂടി വ്യാപിപ്പിക്കുക എന്നതാണ് GATS -ന്റെ ലക്ഷ്യം. ബാങ്കിങ്, ഇൻഷുറൻസ്, ഗതാഗതം, ടെലികമ്യൂണിക്കേഷൻ, ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം മുതലായവയെല്ലാം ഇതിൽപെടുന്നു. കൃഷിയെയും TRIPS–നെയും സംബന്ധിച്ച നിബന്ധനകൾ ഇതിനും ബാധകമാണ്. എന്നാൽ ഗവൺമെന്റിന്റെ രേഖ പറയുന്നത് TRIMS–നെപ്പോലെ വിദേശ സർവീസ്കോർപറേഷനുകളെ ഇന്ത്യയിലേക്കു പ്രവേശനം നൽകുവാനും ദേശീയ നിർവഹണാധികാരം നൽകാനുമുള്ള വ്യവസ്ഥകളില്ലെന്നാണ്. എങ്കിലും നിർദേശങ്ങളുടെ വിശദാംശങ്ങൾ കാണിക്കുന്നത്, പരസ്പര കരാറുകളുടെ അടിസ്ഥാനത്തിൽ സേവനകുത്തകകളെ ക്ഷണിച്ചുവരുത്താനും ദേശീയനിർവഹണാധികാരം നൽകാനും സാധിക്കുമെന്നാണ്.

സേവന മേഖലയിലെ കുത്തകകളിൽ മുൻപന്തിയിൽ നിൽക്കുന്നത് അമേരിക്കൻ ഐക്യനാടുകളാണ്. ഇന്നുതന്നെ അവർ ഇന്ത്യയിൽ കടന്നുവരാൻ ശക്തമായ സമ്മർദം ചെലുത്തുന്നുണ്ട്. ഗാട്ട് ചർച്ചകളിൽ പങ്കെടുക്കുന്ന രാഷ്ട്രങ്ങളിൽ നിന്ന് താഴെ പറയുന്ന സേവനമേഖലകളിൽ പ്രൊഫഷണൽ സഹായത്തിനു ഇന്ത്യ ഇതിനകം അപേക്ഷിച്ചു കഴിഞ്ഞു.

എഞ്ചിനീയറിങ്

കംപ്യൂട്ടർ സർവീസസ്

ഗവേഷണ വികസന പ്രവർത്തനങ്ങൾ

സാങ്കേതിക നിർവഹണ വിശകലന സേവനങ്ങൾ

ടെലികമ്യൂണിക്കേഷൻ

റോഡുകളുടെയും പാലങ്ങളുടെയും നിർമാണം

ആശുപത്രികൾ

ഹോട്ടലുകളും ലോഡ്ജുകളും

സിനിമ, വിഡിയോ വിതരണം

ട്രാവൽ ഏജൻസികൾ

അന്താരാഷ്ട്ര ചരക്കുഗതാഗതം ആകാശത്തിലൂടെ.

നേരിട്ടു പറഞ്ഞിട്ടില്ലെങ്കിലും, നമ്മുടെ സേവനമേഖലകളിൽ വിദേശ കുത്തകകൾ വൻതോതിൽ പ്രവേശിക്കാൻ പോവുകയാണ്.

സേവനമേഖലകളിൽ വാണിജ്യം നടത്തുന്നവരുടെ നിയന്ത്രണാധികാരം ശക്തിപ്പെടുത്തുന്നവയാണ് ഡങ്കെൽ നിർദേശങ്ങൾ. ഓരോ രാഷ്ട്രത്തിലും, സേവനത്തിന്റെ വാണിജ്യത്തെ ബാധിക്കുന്ന നിയമങ്ങളിൽ വരുന്ന എല്ലാ മാറ്റങ്ങളും, എല്ലാ പുതിയ നിയമങ്ങളും വാണിജ്യം നടത്തുന്നവരെ അറിയിച്ച് അവരുടെ അംഗീകാരം വാങ്ങേണ്ടതാണ്. വാണിജ്യം നടത്തുന്നവരുടെ കയ്യിൽ അവരുടെ വാണിജ്യത്തെ ബാധിക്കുന്ന രഹസ്യ വിവരങ്ങൾ ഒരുകാരണ വശാലും ഗവൺമെന്റിനേയോ മറ്റുള്ളവരേയോ അറിയിക്കേണ്ടതില്ല. സേവന മേഖലകളെ സംബന്ധിച്ച കരാർ ആഭ്യന്തരസേവനമേഖലകൾക്കും ബാധക മാണ്. ഏതെങ്കിലും സേവനമേഖലയെ ജനതാൽപര്യങ്ങൾക്കനുസൃതമായി പിന്തുണയ്ക്കാനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങൾ GATS –ലെ നിബന്ധനകൾക്കെ തിരായി കണക്കാക്കാവുന്നതാണ്. അവസാനമായി, അധാർമികമായ സേവന വ്യാപാരത്തിനെതിരായി ഒരക്ഷരംപോലും ഡങ്കെൽ നിർദേശങ്ങളിലില്ല. മാധ്യ മങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിലെ അധാർമികതകളെ നിയന്ത്രിക്കുക ഡങ്കെൽ നിർദേശങ്ങളിൽ നിന്നുകൊണ്ട് അസാധ്യമാണ്.

ഇന്ത്യ മുന്നിട്ടുനിൽക്കുന്ന പല സേവനമേഖലകളുണ്ട്. ഉദാഹരണ ത്തിന് പ്രൊഫഷണൽ രംഗം, തൊഴിൽരംഗം ഇവയെക്കുറിച്ച് ഡങ്കെൽ നിർ ദേശങ്ങൾ ഒന്നും പറയുന്നില്ല. വികസിത രാഷ്ട്രങ്ങളിലെ ഫൈനാൻസിങ് സ്ഥാപന ങ്ങളും ഇന്ത്യയെപ്പോലുള്ള രാഷ്ട്രങ്ങളിലെ ഫൈനാൻസിങ് സ്ഥാപനങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ഇന്ത്യയിൽ കൃഷിപോലെയുള്ള മേഖലകളിൽ ഫൈ നാൻസിങ് സ്ഥാപനങ്ങൾക്ക് വ്യക്തമായ കടമകളുണ്ട്. എന്നാൽ വിദേശ ഫൈ നാൻസിങ് സ്ഥാപനങ്ങൾക്ക് അതു ബാധകമല്ല. സാമ്പത്തിക വിഭവങ്ങൾ മുൻഗണനാ മേഖലകളിൽനിന്ന് മറ്റു മേഖലകളിലേക്ക് മാറുകയാകും ഇതു കൊണ്ടുണ്ടാവുക.

ഇന്ത്യയിലെ ബാങ്കിങ് വ്യവസായത്തെക്കുറിച്ച് അടുത്തയിടെ സമർപ്പി ക്കപ്പെട്ട നരസിംഹം കമ്മറ്റിറിപ്പോർട്ട് ഈ പശ്ചാത്തലത്തിൽ ശ്രദ്ധേയമാണ്. ലാഭാധിഷ്ഠിതമല്ലാത്തവിധത്തിൽ വായ്പകൾ നൽകുക, ബ്രാഞ്ചുകൾ തുടങ്ങുക മുതലായവ അവസാനിപ്പിക്കണമെന്നും ബാങ്കിങ് മേഖലയിലെ സ്വകാര്യ വത്ക്കരണത്തെ പ്രോത്സാഹിപ്പിക്കണമെന്നുമാണ് നരസിംഹം കമ്മറ്റി നിർദേ ശിക്കുന്നത്. വിദേശബാങ്കിങ്ങും ക്രെഡിറ്റും ഇന്ത്യയിൽ കടന്നുവരാനനുവദി ക്കുന്ന നിർദേശങ്ങളും അതിലുണ്ട്. നരസിംഹം റിപ്പോർട്ട് GATS–ന്റെ നിബ ന്ധനകളുടെ ഫലമായി ബാങ്കിങ് മേഖലയിലുണ്ടാകുന്ന മാറ്റങ്ങളുടെ സൂചിക യാണ്.

സ്ഥാപനപരമായ മാറ്റങ്ങൾ

ഡങ്കെൽ നിർദേശങ്ങളിലെ സ്ഥാപനപരമായ ഘടകങ്ങൾ പ്രധാനമായി രണ്ടെണ്ണമാണ്.

1. GATT, TRIPS, GATS കരാറുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൊതുസ്ഥാപനപരമായ ചട്ടക്കൂടു നൽകുന്നതിനായി ഒരു വാണിജ്യ സംഘടനയുടെ സ്ഥാപനം (Multilateral Trading Organisation - MTO) നിർദേശിക്കപ്പെട്ടിരിക്കുന്നു.

2. തർക്കപരിഹാരങ്ങൾക്ക് ഒരു പൊതു സംവിധാനം. അതിലെ ഏറ്റവും പ്രധാന ഘടകം വിരുദ്ധ പ്രതിക്രിയ (Cross-retaliation) യ്ക്കുള്ള നിർദേശങ്ങളാണ്.

ഐക്യരാഷ്ട്രസഭയുടെ കീഴിൽ അങ്ക്ടാഡ് നിലവിലിരിക്കെയാണ് ഒരു പുതിയ വാണിജ്യ സംഘടനയ്ക്ക് രൂപം നൽകുന്നത്. അന്താരാഷ്ട്രതലത്തിലുള്ള വാണിജ്യത്തെ മുഴുവൻ നിയന്ത്രിക്കുക മാത്രമല്ല, ഇതിനെ സംബന്ധിച്ച എല്ലാ നിയമങ്ങളും അവകാശങ്ങളും രാഷ്ട്രങ്ങളുടെ നിയന്ത്രണത്തിൽനിന്ന് മാറ്റിയെടുക്കുക എന്നതുകൂടി MTO-യുടെ ലക്ഷ്യമാണ്. വികസിത രാഷ്ട്രങ്ങളുടേയും ബഹുരാഷ്ട്രകുത്തകകളുടേയും ആഗോള നിയന്ത്രണത്തിനുള്ള ഉപകരണമായി ഐ.എം.എഫിനും ലോകബാങ്കിനുമൊപ്പം MTO-യും സ്ഥാനം പിടിക്കും. MTO-യുടെ ഘടനയുടെ ഭാഗമായി നിർദേശിച്ചിട്ടുള്ളത്, ഒരു മിനിസ്റ്റീരിയൽ കോൺഫറൻസ് (വാണിജ്യ മന്ത്രിമാരുടെ സമ്മേളനം), ജനറൽ കൗൺസിൽ, ഗുഡ്സ് കൗൺസിൽ, സർവീസസ് കൗൺസിൽ, TRIPS കൗൺസിൽ എന്നിവയാണ്. GATT, GATS, TRIPS കരാറുകളിലെ തർക്കപരിഹാരത്തിനുള്ള പൊതുനടപടിക്രമങ്ങളും MTO-യുടെ കീഴിലായിരിക്കും.

MTO-യിലൂടെ വികസിത രാഷ്ട്രങ്ങൾക്കും ബഹുരാഷ്ട്രകുത്തകകൾക്കും ലഭിക്കുന്ന പ്രധാന ആയുധം തർക്കപരിഹാരത്തിനുള്ള നടപടിക്രമങ്ങളായിരിക്കും. വിരുദ്ധപ്രതിക്രിയയെ ആശ്രയിച്ചായിരിക്കും ഈ നടപടിക്രമങ്ങൾ. മുൻപറഞ്ഞ കരാറുകളിലെ ഏതെങ്കിലുംഭാഗം ലംഘിക്കപ്പെടുകയാണെങ്കിൽ അതിനെതിരായി സ്വീകരിക്കപ്പെടുന്ന ഉപരോധനടപടിക്കാണ് വിരുദ്ധപ്രതിക്രിയ (Cross-retaliation) എന്നു പറയുന്നത്. ഗാട്ട് ചർച്ചകൾക്കിടയിൽ അമേരിക്ക ഇന്ത്യയ്ക്കെതിരെ ഉപയോഗിക്കുമെന്നു ഭീഷണിപ്പെടുത്തിയ സ്പെഷ്യൽ 301 എന്ന പ്രതിക്രിയയെ ആഗോള നടപടിക്രമമാക്കി മാറ്റുകയാണ് ഇവിടെ ചെയ്യുന്നത്.

ഇന്ത്യാഗവൺമെന്റിന്റെ ഔദ്യോഗികരേഖയിൽ വിരുദ്ധ പ്രതിക്രിയാ നടപടികളുടെ ഗൗരവത്തെ കുറച്ചുകാണാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഡങ്കെൽ നിർദേശങ്ങളനുസരിച്ച്, ഒരു ഉപമേഖലയിലെ അവകാശങ്ങളിൽ ഇടപെടലുണ്ടായാൽ, പ്രതിക്രിയ അതേ ഉപമേഖലയിൽനിന്നു മാത്രമേ ഉണ്ടാകൂ. ആ ഉപമേഖലയിൽ വാണിജ്യം നടക്കുന്നില്ലെങ്കിൽ മാത്രമാണ് മറ്റ് ഉപമേഖലകളിലേക്കു പോവുക. ഒരു നിവൃത്തിയുമില്ലെങ്കിൽ മാത്രമേ വിവിധ കരാറുകൾക്ക് കുറുകെ പ്രതിക്രിയ നടത്തുകയുള്ളുവെന്നു ഔദ്യോഗികരേഖ പറയുന്നു.

എന്നാൽ, വിരുദ്ധപ്രതിക്രിയ എന്ന നടപടി വേണ്ടിവരുന്നത് തന്നെ പേറ്റന്റവകാശങ്ങൾ ചോദ്യംചെയ്യപ്പെടുന്ന മേഖലയിൽ ഉപരോധം എപ്പോഴും

സാധ്യമല്ലാത്തതുകൊണ്ടാണ്. വികസിത രാഷ്ട്രങ്ങൾ വിരുദ്ധപ്രതിക്രിയയ്ക്കു വേണ്ടി ശക്തമായി വാദിച്ചതും അതുകൊണ്ടുതന്നെ. ഡങ്കെൽ നിർദേശങ്ങൾ വ്യത്യസ്തകരാറുകളെ ഒന്നായിട്ടാണ് കാണുന്നത്. അതുകൊണ്ട് കരാറുകളെ മറികടന്നുകൊണ്ടുള്ള വിരുദ്ധപ്രതിക്രിയ എപ്പോഴും സാധ്യമാണ്.

വികസിത രാഷ്ട്രങ്ങളുടെ അവകാശങ്ങളെ ചോദ്യംചെയ്യുന്ന രാഷ്ട്രങ്ങളെ ഒരു പാഠം പഠിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗമാണ് വിരുദ്ധപ്രതിക്രിയ. തർക്കപരിഹാരത്തിനുള്ള മധ്യവർത്തികളായി പ്രവർത്തിക്കുന്നതും വികസിതരാഷ്ട്രങ്ങൾതന്നെ. തർക്കങ്ങളുണ്ടാവുമ്പോൾ ഗാട്ടിന്റെ സെക്രട്ടറിയേറ്റ് തീരുമാനിക്കുന്ന മൂന്നംഗ പാനലാണ് ഇവ അന്വേഷിക്കുന്നത്. ഈ പാനലുകളിൽ വികസിത രാഷ്ട്രങ്ങളുടെ പ്രതിനിധികൾ നിർണായക സ്ഥാനം വഹിക്കുന്നു. തർക്കപരിഹാരമെന്ന നിലയിൽ നൽകുന്ന നിബന്ധനകൾ അനുസരിക്കാൻ അവികസിത രാഷ്ട്രങ്ങൾ നിർബന്ധിക്കപ്പെടുന്നു.

വികസിത രാഷ്ട്രങ്ങൾ സ്വന്തം ആഗോളാധിപത്യത്തെ സംരക്ഷിക്കാൻ മൂന്നുതരത്തിലുള്ള മാർഗങ്ങൾ സ്വീകരിക്കുന്നു.

1. സ്വന്തം ആധിപത്യത്തെ ചോദ്യംചെയ്യുന്ന രാഷ്ട്രങ്ങൾക്കെതിരെ അവകാശലംഘനത്തിന് പരാതി നൽകുന്നു. അവകാശലംഘനം നടത്തിയില്ലെന്നു തെളിയിക്കേണ്ട ചുമതല 'പ്രതി'യായ രാഷ്ട്രത്തിനാകും. 2. തർക്കപരിഹാരത്തിനായി നിശ്ചയിക്കുന്ന 'പാനലു'കൾ രാഷ്ട്രത്തിന്റെ പരമാധികാരത്തെപ്പോലും അപകടപ്പെടുത്തുന്ന വ്യവസ്ഥകൾ 'പ്രതി'യുടെ മേൽ അടിച്ചേൽപിക്കുന്നു. 3. പ്രതിയുടെമേൽ വിരുദ്ധ പ്രതിക്രിയ നടത്തി ആ രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർക്കുന്നു. ഈ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസ്ഥാനമായാവും MTO പ്രവർത്തിക്കുക.

ഗാട്ട് നിയമങ്ങൾ

ഗാട്ട് നിയമങ്ങളിൽ, അവികസിത രാഷ്ട്രങ്ങൾക്കു നൽകിയിരുന്ന പ്രത്യേക ആനുകൂല്യങ്ങൾ ഏതാണ്ടു മുഴുവനും പിൻവലിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റവും താഴെ കിടക്കുന്ന അൽപവികസിത രാഷ്ട്രങ്ങൾ (Least Developed countries) ക്കു മാത്രമാണ് ആനുകൂല്യങ്ങളുള്ളത്. അതായത്, ഇന്ന് ലോകസമ്പദ്‌വ്യവസ്ഥയിലുള്ള അസമരായ പങ്കാളികളെ തുല്യരായി കണക്കാക്കി എല്ലാവർക്കും ഒരേ വ്യവസ്ഥകൾ അടിച്ചേൽപിക്കുകയാണ് ഡങ്കെൽ നിർദേശങ്ങൾ ചെയ്യുന്നത്.

ഇന്ത്യയെപ്പോലെ അടവുശിഷ്ടക്കുഴപ്പമനുഭവിക്കുന്ന രാഷ്ട്രങ്ങൾക്ക് മറ്റൊരു സുപ്രധാന നിബന്ധനയുണ്ട്. ഇറക്കുമതി അളവുപരമായി നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങൾക്കു പകരം ഇറക്കുമതിയിൽ സർചാർജ് ഏർപ്പെടുത്തുക മുതലായ നടപടികളാണ് ഡങ്കെൽ നിർദേശിക്കുന്നത്. അടവുശിഷ്ടകമ്മി പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ ഇറക്കുമതി നിയന്ത്രണം പിൻവലിപ്പിക്കുന്നതിനുള്ള സമയബന്ധിത പരിപാടി പ്രഖ്യാപിക്കണമെന്നും ഡങ്കെൽ നിർദേശങ്ങൾ അനുശാസിക്കുന്നു. ഇറക്കുമതി നിയന്ത്രണം നടപ്പിലാക്കണമെങ്കിൽ അതിനുള്ള കാരണം ബോധിപ്പിക്കുകയും വേണമത്രെ.

ആഗോള നിയന്ത്രണത്തിന്റെ രൂപരേഖ

ഡങ്കൽ നിർദേശങ്ങളെ മൊത്തമായി പരിശോധിച്ചാൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകും.

1. ബൗദ്ധിക സ്വത്തവകാശം, കൃഷി, വ്യവസായം, സേവനമേഖലകൾ, വാണിജ്യം എന്നിവയിലേർപ്പെടുത്തുന്ന നിയന്ത്രണത്തിലൂടെ വികസിത രാഷ്ട്രങ്ങളുടേയും ബഹുരാഷ്ട്ര കുത്തകകളുടേയും ആധിപത്യമുറപ്പിക്കാൻ ശ്രമിക്കുന്നു. IMF–ലോകബാങ്ക് എന്നിവയോടൊപ്പം MTO യും ലോകാധിപത്യത്തിനുള്ള ശ്രമത്തിൽ പങ്കാളിയാകുന്നു.

2. ഇന്ത്യയെപ്പോലുള്ള അവികസിത രാഷ്ട്രങ്ങളുടെ സമ്പദ്‌വ്യവസ്ഥയെയും രാഷ്ട്രീയ പരമാധികാരത്തെയും തങ്ങൾക്കനുകൂലമായ വിധത്തിൽ രൂപപ്പെടുത്താൻ വ്യാവസായികോത്പാദനത്തിലും ശാസ്ത്ര സാങ്കേതിക വിദ്യകളിലും നേടിയ മേൽക്കോയ്മ ഉപയോഗിച്ച് വികസിത രാഷ്ട്രങ്ങൾ ശ്രമിക്കുന്നു.

3. വികസിത രാഷ്ട്രങ്ങളുടെ ആഗോളാധിപത്യത്തിനു വിധേയരാകാൻ കൂട്ടാക്കാത്ത രാഷ്ട്രങ്ങളെ സാമ്പത്തിക ഉപരോധത്തിന്റെ മാർഗമുപയോഗിച്ച് ശിക്ഷിക്കാൻ ശ്രമിക്കുന്നു.

ഡങ്കൽ നിർദേശങ്ങളെ ഒരൊറ്റ പാക്കേജായി സമർപ്പിക്കുന്നതിന്റേയും ലക്ഷ്യം മറ്റൊന്നല്ല. ഒന്നുകിൽ വികസിത രാഷ്ട്രങ്ങളുടെ ആധിപത്യം അംഗീകരിക്കുക അല്ലെങ്കിൽ പുറത്തുപോവുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പരമാധികാര രാഷ്ട്രങ്ങളുടെ അധികാരങ്ങളെ കവർന്നെടുത്ത് സ്വന്തം സാമ്പത്തിക കോയ്മ ശക്തിപ്പെടുത്താനുള്ള നീക്കങ്ങൾ ആഗോള തലത്തിൽ ഒരു പുനർ കോളനിവത്ക്കരണത്തിന് (Re-colonisation) തുടക്കമിട്ടി രിക്കുന്നു.

ഇന്ത്യാഗവൺമെന്റിന്റെ പ്രതികരണം

ബൗദ്ധിക സ്വത്തവകാശങ്ങളെക്കുറിച്ചുള്ള അജണ്ട ഗാട്ട് ചർച്ചകളിൽ ഉൾപ്പെടുത്തുന്നതിനെ ശക്തമായെതിർത്ത രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യ. എന്നാൽ, പിന്നീട് വികസിത രാഷ്ട്രങ്ങളുടെ, പ്രത്യേകിച്ച് അമേരിക്കയുടെ സമ്മർദത്തിന് ഇന്ത്യ കീഴടങ്ങി. സ്പെഷ്യൽ 301–ന്റെ പശ്ചാത്തലത്തിൽ TRIPS, GATS മുതലായ വിവിധ കരാറുകൾ ഒന്നിച്ചവതരിപ്പിക്കുന്നതിനെയും ഇന്ത്യ അംഗീകരിച്ചു.

ഡങ്കൽ രേഖയുടെ ചുരുക്കമെന്ന നിലയിൽ ഇന്ത്യാഗവൺമെന്റ് പ്രചരിപ്പിച്ച രേഖ നിർദേശങ്ങളുടെ അപകടകാരികളായ വശങ്ങളെ കാണാൻ വിസമ്മതിക്കുകയും വെള്ളപൂശാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. ഇന്ത്യയുടെ കയറ്റുമതിയെയും ഇറക്കുമതിയെയും ബാധിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതൊഴിച്ചാൽ, സമ്പദ് വ്യവസ്ഥയിൽ മൊത്തമായി ഈ നിർദേശങ്ങളുണ്ടാക്കുന്ന മാറ്റങ്ങളെ കാണാൻ കൂട്ടാക്കുന്നില്ല. ഡങ്കൽ നിർദേശങ്ങളിലെ അപകടങ്ങളെ നിരവധി ബുദ്ധിജീവികളും എല്ലാ രാഷ്ട്രീയ പാർട്ടി

കളും ചൂണ്ടിക്കാണിച്ചിട്ടും ഗവൺമെന്റ് മൗനം പാലിക്കുകയാണ്. ബൗദ്ധിക സ്വത്തവകാശത്തെക്കുറിച്ച് പാർലമെന്റിൽ ചർച്ചനടത്തണമെന്ന് 250 എം.പി മാർ ആവശ്യപ്പെട്ടിട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രതികരണമുണ്ടായി ട്ടില്ല. ഗവൺമെന്റിന്റെ അനങ്ങാപ്പാറ നിലപാട് ഡങ്കൽ നിർദേശങ്ങൾ ഗവൺ മെന്റ് സ്വീകരിക്കുമെന്ന അഭ്യൂഹങ്ങൾ പരത്തിയിരിക്കുകയാണ്.

ഡങ്കൽ നിർദേശങ്ങൾ ആഗോളതലത്തിൽ വിവാദവിഷയമാണ്. യൂറോ പ്യൻ എക്കണോമിക് കമ്യൂണിറ്റി ഡങ്കൽ നിർദേശങ്ങളെ നിരാകരിച്ചു കഴിഞ്ഞു. ജപ്പാനും ദക്ഷിണകൊറിയയും ശക്തമായ വിമർശനങ്ങളുന്നയിച്ചു കഴിഞ്ഞു. ഈ സാഹചര്യങ്ങളിൽ അവികസിത രാഷ്ട്രങ്ങളുടെ ഇടയിൽനിന്ന് ഡങ്കൽ നിർദേശങ്ങൾക്കെതിരെ ശക്തമായ നിലപാട് ആവശ്യമാണ്. അതിന് ഇന്ത്യ നേതൃത്വം നൽകണം. ഗാട്ട്– ഐ.എം.എഫ്– ലോകബാങ്ക് ത്രിമൂർത്തി കൾക്കെതിരായ ശക്തമായ പോരാട്ടം ഇന്ത്യയുടെ സ്വാശ്രയത്വത്തിലധിഷ്ഠിത മായ വികസനത്തിന്റെ അനുപേക്ഷണീയ ഘടകമാണ്.

• • •

•

ഡങ്കെൽ നിർദേശങ്ങൾ
കോളനിവൽക്കരണത്തിന്റെ പുതിയ മാർഗം
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
വില 2.50 ക.

KSSP 0598 Mar'92 D1/8 5K 0250 LL 2/92